St.Ephrems Higher secondary school,Mannanam




# e-Mag
## 2022-23





# Our Inspiration




**ST. KURIAKOSE ELIAS CHAVARA**

# Our Heavenly Patron




## ST. EPHREM

# സന്ദേശം



മാന്നാനം സെന്റ് എഫ്രേംസ്
ഹയർസെക്കൻഡറി സ്കൂളിലെ
ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ പ്രവർത്തനങ്ങൾക്ക്
എല്ലാവിധ ഭാവുകങ്ങളും ആശംസിക്കുന്നു.
വിവരസാങ്കേതിക മേഖലയിൽ കൂടുതൽ പ്രാവീണ്യം
നേടുവാൻ ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾ
ഇടയാകട്ടെ. ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾക്ക്
നേതൃത്വം നൽകുന്ന കുഞ്ഞുമോൾ സെബാസ്റ്റ്യൻ
ടീച്ചർക്കും ജോഷിസാറിനും അഭിനന്ദനങ്ങൾ.നിങ്ങളുടെ
എല്ലാ പ്രവർത്തനങ്ങൾക്കും ഈശ്വരൻ കാവലായി
ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

– ജയിംസ് പി ജേക്കബ്
പ്രിൻസിപ്പാൾ

# സന്ദേശം



മാന്നാനം സെന്റ് എഫ്രേംസ് എച്ച്.എസ്. എസിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ കൈറ്റ് മാസ്റ്റേഴ്സ് ആയ ശ്രീമതി കുഞ്ഞുമോൾ സെബാസ്റ്റ്യൻ ടീച്ചർ, ജോഷി ടി.സി സാർ എന്നിവരുടെ നേതൃത്വത്തിൽ വേനൽക്കാല പ്രവർത്തനങ്ങളുടെ ഭാഗമായി തയ്യാറാക്കുന്നുവെന്നതിൽ അതിയായ സന്തോഷം.2018 ൽ സ്കൂൾ വിക്കി പ്രവർത്തനങ്ങളിൽ ജില്ലാ തലത്തിൽ രണ്ടാം സ്ഥാനവും, 2019 ൽ ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾക്ക് ഒന്നാം സ്ഥാനവും കൈവരിച്ച പ്രവർത്തനപാരമ്പര്യമുള്ള നമ്മുടെ ഐ.ടി പ്രതിഭകളായ കുട്ടികളുടെ ഈ വർഷത്തെ പ്രവർത്തനങ്ങൾ വളരെ ഗംഭീരമായിരുന്നു എന്ന് ബോധ്യമുണ്ട്.ഈ സംരംഭത്തിൽ പങ്കാളികളായി,നേതൃത്വഗാണത്തോടുകൂടി മുന്നേറുന്ന എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളെയും കോഡിനേറ്റേഴ്സിനെയും അനുമോദിക്കുകയും യും,ഡിജിറ്റൽ മാഗസിന് എല്ലാവിധ ഭാവുകങ്ങളും ആശംസകളും നേരുന്നു.

– മൈക്കിൾ സിറിയക്ക്
ഹെഡ്മാസ്റ്റർ

# ആമുഖം

ക്രിയാത്മകമായ മാറ്റങ്ങൾ ഉള്ള 21-ാം
നൂറ്റാണ്ടിൽ ഐ ടി അധിഷ്ഠിത
വിദ്യാഭ്യാസത്തിന് വളരെയേറെ
പ്രസക്തിയുണ്ട്. സ്കൂളിൽ പ്രവർത്തിക്കുന്ന
ലിറ്റൽ കൈറ്റ്സ് എന്ന ക്ലബ്ബിൽ 87 കുട്ടികൾ
ഇലക്ട്രോണിക്സ്, പ്രോഗ്രാമിംങ്, റോബോട്ടിക്സ്.
മൊബൈൽ ആപ്പ് നിർമ്മാണം, മലയാളം
കംമ്പ്യൂട്ടിംങ്, സ്ക്രാച്ച് ഉപയോഗിച്ചുള്ള ഗെയിം
നിർമ്മാണം എന്നീ മേഖലകളിൽ പരിശീലനം
നേടിവരുന്നു. ലിറ്റിൽ കൈറ്റ്സിന്റെ അംഗങ്ങൾ

പ്രസിദ്ധീകരിക്കുന്ന e-mag എന്ന ഡിജിറ്റൽ
മാഗസിന് വിജയ ആശംസകൾ നേരുന്നു.

# Editorial Board

**Nevin Promod**


**(Cheif Editor)**



**Angel Sabu**



**Devika K Manoj**



**Indhubala Anil**



**Gichin Aji Sebastian**



**Allen J Maliyil**



**Smt. Kunjumol Sebastin**



**Sri. Joshy T.C**



# SCHOOL MANAGEMENT

## School Manager

Rev. Fr. Mathews Chakalackal CMI



## Financial Administrator

Fr. Shaji Ernekattu CMI



## Boarding Rector

Fr. Seju Kattiparambil CMI



## Sports Hostel Director

Fr. Antony Kanjirathikal CMI



# ഉള്ളടക്കം


Our Inspiration..........2
സന്ദേശം..........4
ആമുഖം..........6
SCHOOL MANAGEMENT..........9
ഹരിത വിദ്യാലയം റിയാലിറ്റി ഷോ..........15
ഹരിത വിദ്യാലയം റിയാലിറ്റി ഷോ വിക്ടേഴ്സ് ചാനലിൽ സംപ്രേഷണം..........16
പരീക്ഷാഫലം..........19
പുരസ്കാരങ്ങൾ..........20
..........27
അദ്ധ്യാപകർ,വിദ്യാർത്ഥികൾ..........28
സ്റ്റാഫ് കൗൺസിൽ..........29
റിട്ടയർമെന്റ്..........30
സെന്റ്. അലോഷ്യസ് ബോർഡിങ്..........31
സെന്റ്.എഫ്രേംസ്.സ്പോർട്സ് അക്കാദമി..........31
പ്രവേശനോത്സവം..........33
വായനാ പക്ഷാചരണം..........33
സ്കൂൾ സൊസൈറ്റി..........34
Exam Cell..........35
സ്വാതന്ത്ര്യദിനാഘോഷം..........37
ടാലന്റ് ഹബ്ബ്..........38
നേർക്കാഴ്ച..........39
സ്കോളർഷിപ്പ്..........39
വാക്സിനേഷൻ..........40
കുട്ടിക്ക് ഒരു കൂട്ട്..........40
ലഹരി വിരുദ്ധ ക്യാമ്പയിൻ..........41
സ്കൂൾ വാർഷികം 2022-23..........43
പഠനോൽസവം 2023..........46
ലിറ്റിൽ കൈറ്റ്സ് ഐ.റ്റി ക്ലബ്ബ്..........48
ക്ലാസ് ലൈബ്രറി ഡിജിറ്റൽവല്ക്കരണം..........52
സ്കൂൾ ഐടി മേള..........64
ഉപജില്ലാതല ഐടി മേള..........65
ജില്ലാതല ഐടി മേള..........66
ഫോട്ടോ ആൽബം..........67

..................................................................................................69
Importance of Handwritten Magazines........................................69
I AM PROUD OF BEING A GIRL............................................................79
क्या सुख, क्या दुःख...................................................................145
एक घुड़सवार.............................................................................147
एक बुद्धिमान व्यक्ति......................................................................148
सबकी जीत के बारे में सोचें.............................................................150
കൃതജ്ഞത...................................................................................152

# സ്കൂൾ ചരിത്രം

വിശുദ്ധാ കുര്യാക്കോസ് ഏലിയാസ് ചാവറയുടെ പാദസ്പർശം കൊണ്ട് പവിത്രമാക്കപ്പെട്ട പ്രകൃതിരമണീയമായ മാന്നാനം കുന്നിൽ സ്ഥിതിചെയ്യുന്ന വിദ്യാലയമാണ് സെന്റ് .എഫ്രേംസ് ഹയർസെക്കന്ററി സ്കൂൾ.വ്യക്തിപരവും സാമൂഹികവുമായ ഉത്തരവാദിത്വങ്ങൾ നിറവേറ്റാൻ ഒരു വ്യക്തിയെ പ്രാപ്തനാക്കുന്നത് സമഗ്രവിദ്യാഭ്യാസമാണെന്ന് കരുതിയ വിശുദ്ധാ ചാവറയച്ചൻ തന്റെ പരിശ്രമഫലമായി 1846 ൽ ആരംഭിച്ച സംസ്കൃത സ്കൂളിന്റെ ചുവടുപിടിച്ചുകൊണ്ട് ആരംഭിച്ച വിദ്യാലയമാണിത്. ഒരു അദ്ധ്യാപകനും ഒരു



വിദ്യാർത്ഥിയുമായി സെന്റ് ജോസഫ് ആശ്രമ പരിസരത്തുള്ള ഫാം ഹൗസിന്റെ വരാന്തയിൽ ബഹു.ഫാദർ ജെറാൾഡ് ടി ഒ.സി.ഡി എന്ന പുരോഹിതൻ ആരംഭിച്ച ഈ സ്കൂളിന്റെ ആദ്യത്തെ ഹെഡ്മാസ്റ്റർ ശ്രീ പി.സി. കുര്യനും ആദ്യത്തെ അദ്ധ്യാപകൻ ശ്രീ. കെ.എം കുര്യൻ കൊല്ലംപറമ്പിലുമായിരുന്നു. 1904 ൽ പണ്ഡിതവരേണ്യനും കവി പ്രവരനുമായ കേരള വർമ്മ വലിയകോയിത്തമ്പുരാൻ സ്കൂൾ സന്ദർശിച്ചു. നഗരത്തിന്റെ ബഹളങ്ങളിൽ നിന്നൊഴിഞ്ഞ് ശാലീന സുന്ദരമായ മാന്നാനം കുന്നിൽ പരിലസിക്കുന്ന സെന്റ് എഫ്രേംസ് സ്കൂൾ അച്ചടക്കത്തിന്റെ കാര്യത്തിലും ഔന്നത്യം വഹിക്കുന്നു. സന്യാസ വൈദികരുടെ ശിക്ഷണവും പ്രാർത്ഥന കൂട്ടായ്മയും കുട്ടികളെ ആത്മ ശിക്ഷണത്തിലേയ്ക്ക് നയിക്കുവാൻ പര്യാപ്തമാണ്. കാലാനുസൃതമായ പുരോഗിതയെ വിളിച്ചറിയിച്ചുകൊണ്ട് 1986–ൽ ശതാബ്ദി സ്മാരകമായി നിർമിച്ച സ്കൂൾകെട്ടിടത്തിന്റെ ഉദ്ഘാടനം ബഹു. കേരള ഗവർണർ ശ്രീ.ബി.രാമചന്ദ്രൻ നിർവഹിച്ചു.തുടർന്ന് 1998–ൽ

സെന്റ് എഫ്രേംസ് ഹൈസ്കൂൾ ഹയർ സെക്കന്ററി ആയി ഉയർത്തപ്പെട്ടു.കുട്ടികളുടെ മാനസികവും ശാരീരികവും ആത്മീയവുമായ എല്ലാ ഭൗതിക സാഹചര്യങ്ങളും വിഭവ ശേഷികളും ഈ വിദ്യാലയത്തിന്റെ മാത്രം പ്രത്യേകതയാണ്.2021-22 അധ്യയനവർഷത്തെ മികച്ച അധ്യാപകനുള്ള സംസ്ഥാന അവാർഡ് നേടിയ ശ്രീ. മൈക്കിൾ സിറിയക് സെന്റ് എഫ്രേംസിന്റെ സാരഥിയായി സ്കൂളിനെ നയിക്കുന്നു എന്നത് അഭിമാനർഹമായ കാര്യമാണ്. സെന്റ് എഫ്രേംസ് ഹയർസെക്കന്ററി സ്കൂൾ ഉന്നതിയിൽ നിന്നും ഉന്നതിയിലേയ്ക്കുള്ള യാത്ര അനസ്യൂതം തുടരുന്നു.

# ഹരിത വിദ്യാലയം റിയാലിറ്റി ഷോ

ഹരിത വിദ്യാലയം റിയാലിറ്റി ഷോയിൽ സെൻ്റ്. എഫ്രേംസ് എച്ച്.എസ്.എസ് സ്കൂളും പങ്കെടുത്തു. ആദ്യ റൗണ്ടിൽ കോട്ടയം ജില്ലയിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ടു. ഇതിൽ പങ്കെടുക്കുന്നതിന് ആവശ്യമായിരുന്ന വീഡിയോയും പ്രസന്റേഷനും നിർമിക്കുന്നതിന് വേണ്ട എല്ലാ സാങ്കേതിക സഹായങ്ങളും ലിറ്റിൽ കൈറ്റ് ടീമാണ് ചെയ്തത്. നവംബർ 23-ാംതിയതി നടന്ന സ്കൂൾ ഷൂട്ടിന് കൈറ്റ് ടീം നേതൃത്ത്വം നൽകി.സ്കൂളിലെ മികവാർന്ന പ്രവർത്തനങ്ങൾ എല്ലാം ക്യാമറയിൽ ഒപ്പിയെടുത്തു.കുട്ടികൾക്ക് ഇത് വേറിട്ടൊര് അനുഭവമായിരുന്നു. ഡിസംബർ 2-ാംതിയതി തിരുവനന്തപുരം ചിത്രാഞ്ജലി സ്റ്റുഡിയോയിൽ നടന്ന ഫ്ലോർ ഷൂട്ടിൽ ഹെഡ്മാസ്റ്റർ ശ്രീ മൈക്കിൾ സിറിയക്,പി റ്റി എ പ്രിസിഡൻ്റ് ശ്രീ ഷോബിച്ചൻ,സിസ്റ്റർ റോസമ്മ ഫ്രാൻസിസ്,ശ്രീമതി കുഞ്ഞുമോൾ സെബാസ്റ്റ്യൻ ,HS, HSS വിഭാഗങ്ങളിൽ നിന്ന് 8 കുട്ടികൾ എന്നിവർ പങ്കെടുത്തു.

# ഹരിത വിദ്യാലയം റിയാലിറ്റി ഷോ വിക്ടേഴ്സ് ചാനലിൽ സംപ്രേഷണം

സ്കൂളുകളുടെ മേന്മകൾ എടുത്തു കാട്ടുന്ന വിദ്യാഭ്യാസ റിയാലിറ്റി ഷോയായ ഹരിത വിദ്യാലയം സീസൺ ത്രീയുടെ ആദ്യ റൗണ്ടിലേക്ക് സെന്റ് എഫ്രേംസ് ഹയർ സെക്കൻഡറി സ്കൂൾ തെരഞ്ഞെടുക്കപ്പെട്ടു. ഇതിന്റെ ഭാഗമായി തിരുവനന്തപുരം ചിത്രാഞ്ജലി സ്റ്റുഡിയോയിൽ വെച്ച് ഷൂട്ട് ചെയ്ത വീഡിയോ 2023 ജനുവരി 10-ാം തീയതി വൈകിട്ട് ഏഴരയ്ക്ക് കൈറ്റ് വിക്ട്ടഴേസ് ചാനലിലൂടെ സംപ്രേഷണം ചെയ്തു. സ്കൂളിന് 84 സ്കോർ ലഭിച്ചു. വീഡിയോയ്ക്ക് എല്ലാവരിൽ നിന്നും മികച്ച



പ്രതികരണമാണ് ലഭിച്ചത്.ഹരിത വിദ്യാലയം കോർണർകൈറ്റും പൊതു വിദ്യാഭ്യാസ വകുപ്പും ചേർന്നൊരുക്കുന്ന 'ഹരിത

വിദ്യാലയം'റിയാലിറ്റി ഷോയുടെ സീസൺ മൂന്ന് 2022 ഡിസംബർ മാസം 23–ാം തീയതി മുതൽ കൈറ്റ് വിക്ടേഴ്സ് ചാനലിലും തുടർന്ന് കൈറ്റിന്റെ യൂട്യൂബ് ചാനലിലും സംപ്രേഷണം ചെയ്യുന്നു. സ്കൂളിലെ എല്ലാ വിദ്യാർത്ഥികളും ഈ പരിപാടി കാണണം എന്ന ലക്ഷ്യത്തോടെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ നേതൃത്വത്തിൽ ' ഹരിത വിദ്യാലയം കോർണർ' പ്രവർത്തിച്ച വരുന്നു. സ്കൂൾ സെമിനാർ ഹാളിൽ വച്ച് എല്ലാ ദിവസവും യൂട്യൂബിൽ അപ്‌ലോഡ് ചെയ്ത ഹരിത വിദ്യാലയം എപ്പിസോട്ടുകൾ പ്രോജക്ടറിന്റെ സഹായത്തോടെ കുട്ടികളെ കാണിച്ചു.



# പരീക്ഷാഫലം

2021–22 അധ്യയന വർഷത്തിലും SSLC പരീക്ഷയ്ക്ക് 100% റിസൾട്ട് ലഭിച്ചു. 194 കുട്ടികൾ പരീക്ഷ എഴുതി. ഫുൾ A+ SSLC യ്ക്ക് 11 പേർക്കും, 9 A+ 16 കുട്ടികൾക്കും ലഭിച്ചു.ഹയർ സെക്കണ്ടറി പരീക്ഷയിൽ 26 കുട്ടികൾക്ക് ഫുൾ A+ ലഭിച്ചു.



# പുരസ്കാരങ്ങൾ

## കൈറ്റ് സ്കൂൾ വിക്കി പോർട്ടൽ പുരസ്കാരം

പൊതുവിദ്യാഭ്യാസ വകുപ്പിൽ സ്കൂളുകളെക്കുറിച്ചുള്ള ഓൺലൈൻ പോർട്ടലായ സ്കൂൾ വിക്കിയിൽ മികച്ച താളുകളൊരുക്കിയതിനുള്ള പുരസ്കാരങ്ങളിൽ കോട്ടയം ജില്ലാതലത്തിൽ മാന്നാനം സെന്റ് എഫ്രേം എച്ച്.എസ്.എസ്. സ്കൂളിന് ഒന്നാം സ്ഥാനം.15,000 സ്കൂളുകളെ കോർത്തിണക്കി വിദ്യാഭ്യാസ മേഖലയിൽ ഇന്ത്യയിലെ പ്രാദേശിക ഭാഷയിലെ ഏറ്റവും വലിയ ഡിജിറ്റൽ വിവരശേഖരമായ 'സ്കൂൾ വിക്കി' സജ്ജമാക്കിയിട്ടുള്ള കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) ആണ് അവാർഡുകൾ ഏർപ്പെടുത്തിയത്. ജില്ലാതലത്തിൽ ഒന്നാം സ്ഥാനം ലഭിച്ചതിന് 25,000

രൂപ ക്യാഷ് അവാർഡും ട്രോഫിയും പ്രശംസാപത്രവും ലഭിച്ചു.ഇൻഫോ ബോക്സിന്റെ കൃത്യത, ചിത്രങ്ങൾ,തനതു പ്രവർത്തനം, ക്ലബ്ബുകൾ, വഴികാട്ടി, സ്കൂൾ മാപ്പ് തുടങ്ങിയ ഇരുപതു മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയാണ് കൈറ്റ് സി.ഇ.ഒ. കെ. അൻവർ സാദത്ത് ചെയർമാനായ സമിതി സംസ്ഥാനതലത്തിൽ അവാർഡുകൾ നിശ്ചയിച്ചത്.



# Best School Award

അതിരമ്പുഴ പഞ്ചായത്തിന്റെ Best School പുരസ്കാരം  ശ്രീ.സുരേഷ് കുറുപ്പ് എം.എൽ.എ യിൽ നിന്ന് സ്വീകരിക്കുന്നു.



# ഇന്നവേറ്റീവ് അവാർഡ് 2022-23

മികച്ച ഇന്നവേറ്റീവ് ഹൈസ്കൂളായി മാന്നാനം സെന്റ് എഫ്രേംസ് സ്കൂൾ തെരഞ്ഞെടുക്കപ്പെട്ടു.അവാർഡ് തുകയായി അയ്യായിരം രൂപ ലഭിച്ചു.SSK Kottayam Block resource Centre Ettumanoor ആണ് അവാർഡ് ഏർപ്പെടുത്തിയത്. 2022-23 വർഷത്തിൽ ഏറ്റെടുത്ത് നടപ്പാക്കിയ മികവാർന്ന




പല പ്രവർത്തനങ്ങളിൽ നിന്നും ഏതെങ്കിലും ഒന്ന് ,അതിന്റെ പ്രോഡക്റ്റ് ഉൾപ്പെടെ വിലയിരുത്തിയശേഷം AEO,DIET FACULTY,BRC തല ഉദ്യോഗസ്ഥർ എന്നിവർചേർന്ന്,ഒന്നാം സ്ഥാനത്തിനു ഞരഞ്ഞെടുത്തത് St Ephrems ലെ ക്ലാസ് ലൈബ്രറി,ഫ്ലാനൽ ബോർഡ് പ്രവർത്തനത്തെ.

ജൂൺ മാസം മുതൽതന്നെ ആരംഭംകുറിച്ച ,ആഴ്ചതോറും വിലയിരുത്തലിനുവിധേയമാക്കിയ പ്രവർത്തനപ്രകാരം കുട്ടികൾ തയ്യാറാക്കിയ കഥ,കവിത,ഉപന്യാസം,ചിത്രങ്ങൾ,കാർട്ടൂൺ മുതലായവ ഉപയോഗിച്ച്,8,9 എന്നീ ക്ലാസുകളിലെ എല്ലാ ഡിവിഷനുകളിലും കൈയ്യെഴുത്തുമാസിക തയ്യാറാക്കി എന്നതായിരുന്നു പ്രവർത്തനം.



# ഇൻസ്പയർ അവാർഡ്

2021-22 വർഷത്തിൽ ദേശീയ സ്കോളർഷിപ്പ് ആയ ഇൻസ്പയർ അവാർഡ് സെന്റ് എഫ്രേംസ് എച്ച്.എസ്സ് എസ്സ്.മാന്നാനം സ്കൂളിലെ മുഹമ്മദ് ആസിഫ് അൻസാരി, ആദർശ് എസ്, ആന്റണി അനന്ദരാജ് എന്നി മൂന്ന് കുട്ടികൾക്കും 2022-23 വർഷത്തിൽ നെവിൻ പ്രമോദും അർഹരായി.കുട്ടികളുടെ ശാസ്ത്ര അഭിരുചി, ഗവേഷണാത്മകത ഇവ വളർത്തുന്നതിന് ഇത് വഴി സാധിക്കുന്നു.



# മലയാള മനോരമ Inspire സൂപ്പർ സ്കോളർ അവാർഡ്



മലയാള മനോരമ Inspire സൂപ്പർ സ്കോളർ അവാർഡ് തുടർച്ചയായി രണ്ടാം തവണയും കരസ്ഥമാക്കിയ ആവണി സന്തോഷ് ഒമ്പതാം ക്ലാസ്സ് സി ഡിവിഷനിലെ വിദ്യാർത്ഥിനിയാണ്.

# തളിര് സ്കോളർഷിപ്പ്



2021–22 വർഷത്തിലും 2022–23 വർഷത്തിലും കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് സംഘടിപ്പിച്ച 'തളിര് സ്കോളർഷിപ്പ് സീനിയർ വിഭാഗത്തിൽ കോട്ടയം ജില്ലയിൽ നിന്നും A ഗ്രേഡിന്ദ അർഹനായ മാസ്റ്റർ നെവിൻ പ്രമോദ്.

# NMMS Scholorship

ദേശീയ തലത്തിൽ നടത്തുന്ന നാഷണൽ മീൻസ് കം മെരിറ്റ് സ്കോളർഷിപ്പിന് ആദർശ് എസ്, നിരഞ്ജൻ കെ പ്രസാദ്,വിശാൽ ദിലീപ് അർഹനായി.



# രാജ്യ പുരസ്കാർ 2022

സ്കൗട്ടിന്റെ പരീക്ഷയിൽ രാജ്യ പുരസ്കാർ നേടിയ ആദർശ് എസ്സ്,ജോയൽ ബിജു എന്നിവർക്ക് അഭിനന്ദനങ്ങൾ.



# KPSTA Swadesh Mega Quiz

Muhammed Isa Hussain and Alby M Sunny for achieving 1st and 3rd positions on KPSTA Swadesh Mega Quiz (Sub District Level)





# ശാസ്ത്രമേളകളിൽ ഉന്നത വിജയം



# അദ്ധ്യാപകർ,വിദ്യാർത്ഥികൾ

പ്രിൻസിപ്പൽ   ശ്രീ. ജയിംസ് .പി. ജേക്കബ്ബിന്റെ നേതൃത്വത്തിൽ 25 അദ്ധ്യാപകരും 3 അനദ്ധ്യാപകരും എച്ച്. എസ് .എസ് വിഭാഗത്തിലും ഹെഡ്മാസ്റ്റർ ശ്രീ. മൈക്കിൾ സിറിയക്കിന്റെ  നേതൃതത്തിൽ
23 അദ്ധ്യാപകരും 4 അനദ്ധ്യപകരും എച്ച്. എസ് വിഭാഗത്തിലും സേവനം അനുഷ്ഠിക്കുന്നു. എച്ച് .എസ് വിഭാഗത്തിൽ 15 ഡിവിഷനുകളിലായി447 ആൺ ക്കുട്ടികളും,89 പെൺക്കുട്ടികളും എച്ച് .എസ്.എസ് വിഭാഗത്തിൽ 12 ഡിവിഷലുകളിലായി 404 ആൺ ക്കുട്ടികളും,258 പെൺക്കുട്ടികളും അദ്ധ്യയനം നിർ–വ്വഹിക്കുന്നു.



# സ്റ്റാഫ് കൗൺസിൽ

പാഠ്യ, പാഠ്യേതര പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിനും അധ്യാപകരുടെ ക്ഷേമത്തിനും വേണ്ടി ഹൈസ്കൂൾ വിഭാഗത്തിൽ സ്റ്റാഫ് കൗൺസിൽ ഹെഡ്മാസ്റ്റർ ശ്രീ.മൈക്കിൾ സിറിയക്കിന്റെ നേതൃത്വത്തിൽ ചേരുന്നു.സ്റ്റാഫ് സെക്രട്ടറി ശ്രീ ജിജോ മാത്യു, S.R.G. Convenor ശ്രീ ബെന്നി സ്കറിയ,SITC ശ്രീമതി കുഞ്ഞുമോൾ സെബാസ്റ്റ്യൻ എന്നിവർ സ്റ്റാഫ് മീറ്റിംഗുകൾ ഫലപ്രദമാകാൻ വേണ്ട മുന്നൊരുക്കങ്ങൾ നടത്തുന്നു.സജീവമായ ചർച്ചകൾ നടത്തി തീരുമാനങ്ങളെടുത്ത് പ്രാവർത്തികമാക്കുന്നു.ഹയർസെക്കണ്ടറി വിഭാഗത്തിൽ പ്രിൻസിപ്പൽ ശ്രീ ജയിംസ് പി ജേക്കബ്ബിന്റെ നേതൃത്വത്തിൽ സ്റ്റാഫ് കൗൺസിൽ പ്രവർത്തിച്ചു വരുന്നു.സ്റ്റാഫ് സെക്രട്ടറി Dr. മിനിമോൾ കുര്യൻ SRG Convenor ശ്രീ Biju thomas, HITC ശ്രീമതി മൻജുഷ ജേക്കബ് എന്നിവർ പ്രവർത്തിക്കുന്നു.

# റിട്ടയർമെന്റ്

ഹെഡ്മാസ്റ്റർ ശ്രീ.മൈക്കിൾ സിറിയക്,ഹൈസ്കൂൾ ഗണിത അധ്യാപിക ശ്രീമതി ലിനി ജെയിംസ്,ഓഫീസ് അസിസ്റ്റന്റ് ആന്റണി റ്റിസി,ഹയർ സെക്കണ്ടറി ഫിസിക്സ് അധ്യാപികയായ ശ്രീമതി മാഗി എലിസബത്ത് മാത്യു എന്നിവർ ഈ വർഷം ഔദ്യോഗിക ജീവിതത്തിന്റെ പടിയിറങ്ങുകയാണ്.അവരുടെ മഹനീയ സേവനങ്ങളെ നന്ദിയോടെ സ്മരിക്കുന്നതോടൊപ്പം ശിഷ്ടകാലം ആയുരാരോഗ്യത്തോടെ സർവ്വൈശ്വരങ്ങളോടെ ജീവിക്കാൻ ജഗദീശ്വരൻ അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.



# സെൻ്റ്. അലോഷ്യസ് ബോർഡിങ്

സെൻ്റ്.അലോഷ്യസ് ബോർഡിങ്ങിൽ 130 കുട്ടികൾ താമസിച്ച പഠിക്കുന്നു. റവ.ഫാ.സെജു സി.എം.ഐ. ആണ് ഇപ്പോഴത്തെ ബോർഡിങ്ങ് റെക്ടർ.



# സെൻ്റ്.എഫ്രേംസ്.സ്പോർട്സ് അക്കാദമി

റവ.ഫാദർ ആൻ്റണി കാഞ്ഞിരത്തിങ്കൽ സി.എം.ഐ നേതൃത്വം നൽകുന്ന സെൻ്റ് എഫ്രേംസ്. സ്പോർട്സ് ഹോസ്റ്റലിൽ ബാസ്കറ്റ് ബോൾ വിഭാഗത്തിൽ 24 ആൺകുട്ടികളും ക്രിക്കറ്റിൽ 13 ആൺകുട്ടികളും 12 പെൺകുട്ടികളും പരിശീലനം നേടുന്നു.ശ്രീ. പ്രേംകുമാർ, ശ്രീ.അജി തോമസ് എന്നിവർ ബാസ്കറ്റ് ബോൾ പരിശീലകരായും ശ്രീ.ഫിലിപ്പ് മാത്യു , ശ്രീ.സജിൽ, ശ്രീമതി ജിനു ഫിലിപ്പ് എന്നിവർ ക്രിക്കറ്റ് പരിശീലകരായും പ്രവർത്തിക്കുന്നു. ബാസ്കറ്റ് ബോൾ ടീം സംസ്ഥാന തല മത്സരത്തിൽ

ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കിവരുന്നു.ഇന്റർ സ്കൂൾ ബാസ്കറ്റ് ബോൾ ടൂർണമെന്റ് സെന്റ്എഫ്രേംസിൽ വച്ച് നടത്തപ്പെടുന്നു.നിരവധി കായിക താരങ്ങളെ രാജ്യത്തിന് സംഭാവന ചെയ്യാൻ അക്കാദമിക്ക് സാധിക്കുന്നു.ക്രിക്കറ്റ് അക്കാഡമിയും ബാസ്കറ്റ് ബോൾ അക്കാഡമിയും

പ്രവർത്തിക്കുന്നു.റവ.ഫാദർ ആന്റണി കാഞ്ഞിരത്തിങ്കൽ സി.എം.ഐ ആണ് സ്പോർട്സ് അക്കാദമി ഡയറക്ടർ.



# സ്കൂൾ പ്രവർത്തനങ്ങൾ

## പ്രവേശനോത്സവം

ഹെഡ്മാസ്റ്റർ ശ്രീ മൈക്കിൾ സിറിയക് സാറിന്റെ നേതൃത്വത്തിൽ june 1 ചൊവ്വാഴ്ച രാവിലെ 10.30–യ്ക്ക് നടത്തപ്പെട്ട പ്രവേശനോത്സവത്തിൽ വിശിഷ്ട വ്യക്തികളും വിദ്യാർത്ഥികളും അധ്യാപരും പങ്കെടുത്തു.ഹെഡ്മാസ്റ്റർ മൈക്കിൾ സിറിയക് ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. സ്കൂൾ അഡ്മിനിസ്ട്രേറ്റർ Fr. Shaji John CMI മുഖ്യപ്രഭാഷണം നടത്തി.രക്ഷിതാക്കളുടെ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കാമെന്ന ധാരണയുണ്ടായി.

## വായനാ ദിനം

"വായിച്ചാൽ വളരും വായിച്ചില്ലങ്കിൽ വളയും".. കേരളത്തിലെ ഗ്രന്ഥശാലാപ്രസ്ഥാനത്തിന് തുടക്കം കുറിച്ച വ്യക്തിയാണ് പുതുവായിൽ നാരായണപ്പണിക്കർ എന്ന പി എൻ പണിക്കർ. അദ്ദേഹത്തിന്റെ ചരമദിനം ആയ ജൂൺ 19

കേരളത്തിൽ 1996 മുതൽ വായനാദിനമായി ആചരിക്കുന്നു. ജൂൺ 19 മുതൽ 25 വരെയുള്ള ഒരാഴ്ച വായനാവാരമായും ആചരിക്കുന്നു. സെന്റ് എഫ്രേംസ് ഹയർ സെക്കന്ററി സ്കൂൾ  വായനാദിനം സമുചിതമായി ആചരിച്ചു. ഹെഡ്മാസ്റ്റർ ശ്രീ. മൈക്കിൾ സിറിയക് വായനാദിനസന്ദേശം നൽകി.  കുട്ടികൾ വിവിധ പരിപാടികൾ അവതരിപ്പിച്ചു. കൂടാതെ വായനാദിനസന്ദേശം നൽകുന്ന പോസ്റ്ററുകളും നിർമ്മിച്ചു. വായനാവാരാഘോഷത്തിൻെറ ഭാഗമായി വാർത്താവായന മത്സരം, പോസ്റ്റർരചനാമത്സരം, ക്വിസ് മത്സരം എന്നിവ സംഘടിപ്പിച്ചു. ' വായിച്ചു വളരുക ചിന്തിച്ചു വിവേകം നേടുക 'എന്ന പി എൻ പണിക്കരുടെ സന്ദേശം വിദ്യാർത്ഥികളിൽ എത്തിക്കാൻ ഈ ആഘോഷത്തിലൂടെ സാധിച്ചു.



## സ്കൂൾ സൊസൈറ്റി

കുട്ടികൾക്ക് യഥാസമയം ടെക്സ്റ്റ് ബുക്കുകൾ ലഭ്യമാക്കാൻ സ്കൂൾ സൊസൈറ്റിക്ക് സാധിക്കുന്നു.ശ്രീ.ആന്റോ ജോസഫ് സ്കൂൾ സൊസൈറ്റിയുടെ ചുമതല വഹിക്കുന്നു.

## ന്യൂൺമീൽ പ്രോഗ്രാം

സർക്കാർ സ്കൂളുകളിൽ നടപ്പാക്കുന്ന ന്യൂൺമീൽ പ്രോഗ്രാമിൽ 170 കുട്ടികൾ പങ്കാളികളാണ്.പോഷകസമൃദ്ധമായ ആഹാരം കഴിക്കുന്നതിലൂടെ ആരോഗ്യമുള്ള സമൂഹത്തെ വാർത്തെടുക്കുവാൻ സാധിക്കും.



## Exam Cell

ശ്രീ. മാത്തുകുട്ടി മാത്യു, ശ്രീ.ജിജോ മാത്യു എന്നിവരുടെ നേതൃത്വത്തിൽ എക്സാം സെൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നു.8,9,10 ക്ലാസ്സുകളിലെ കുട്ടികൾക്കായി monthly test,unit evaluation,Midterm,termly evaluation ഇവ നടത്തപ്പെടുന്നു.exam കഴിഞ്ഞ് ഒരാഴ്ചക്കുള്ളിൽ മൂല്യനിർണ്ണയം നടത്തി പഠന നിലവാരം രക്ഷിതാക്കളെ അറിയിക്കുന്നു.കുട്ടികളിൽ ആത്മ വിശ്വാസം വളർത്തുന്നതിനും പരീക്ഷാപേടി മാറ്റിയെടുക്കുന്നതിനും ഇതിലൂടെ സാധിക്കുന്നു.

## പി.റ്റി.എ

ക്ലാസ് പി.റ്റി.എ ഭംഗിയായി നടന്നുവരുന്നു. കുട്ടികൾ അസൈൻമെന്റുകൾ മുടങ്ങാതെ അതാതുവിഷയം പഠിപ്പിക്കുന്ന അധ്യാപകർക്ക് കൊടുക്കണം, യഥാസമയം സംശയനിവാരണം വരുത്തണം എന്നീ നിർദ്ദേശങ്ങൾ



അധ്യാപർ നൽകി. ക്ലാസ് പി.റ്റി.എയിൽ രക്ഷിതാക്കൾക്ക് അധ്യാപകരുമായി സംവദിക്കാനും അവസരമൊരുക്കുന്നു.

## സ്റ്റാഫ് കൗൺസിൽ

ഹെഡ്മാസ്റ്റർ ശ്രീ.മൈക്കിൾ സിറിയക്കിന്റെ നേതൃത്വത്തിൽ ചേർന്ന് വരുന്നു.സ്റ്റാഫ് സെക്രട്ടറി ശ്രീ ജിജോ മാത്യു, S.R.G. Convenor ശ്രീ ബെന്നി സ്കറിയ എന്നിവർ സ്റ്റാഫ് മീറ്റിംഗുകൾ ഫലപ്രദമാകാൻ വേണ്ട മുന്നൊരുക്കങ്ങൾ നടത്തുന്നു.സജീവമായ ചർച്ചകൾ നടത്തി തീരുമാനങ്ങളെടുത്ത് പ്രാവർത്തികമാക്കുന്നു.സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുന്ന കുട്ടികൾക്ക് പഠനോപകരണങ്ങൾ സ്മാർട്ട് ഫോൺ ഇവ വിതരണം ചെയ്തു വരുന്നു.

## സ്വാതന്ത്ര്യദിനാഘോഷം

ഭാരതത്തിൻറെ 75 –ാമത് സ്വാതന്ത്ര്യ ദിനം അമൃത മഹോത്സവമായി രാജ്യം കൊണ്ടാടുമ്പോൾ സെന്റ് എഫ്രേസ് ഹയർ സെക്കൻഡറി സ്കൂൾ വിദ്യാർത്ഥികളും അതിൻറെ ഭാഗമായി.ആഗസ്റ്റ് പതിനഞ്ചാം തീയതി സ്കൂളിൽ വച്ച് നടന്ന



അസംബ്ലിയിൽ വിദ്യാർത്ഥികൾ വിവിധ കലാപരിപാടികൾ നടത്തി.അസംബ്ലിയെ തുടർന്ന് സ്വാതന്ത്ര്യദിന റാലിയുമുണ്ടായിരുന്നു.എല്ലാ ലിറ്റിൽ കൈറ്റ് അംഗങ്ങളും വീട്ടിൽ ദേശീയ പതാക ഉയർത്തി ഹർ ഗർ തരംഗാ എന്നാ പദ്ധതിയിൽ പങ്കാളികളായി.


## ടാലന്റ് ഹബ്ബ്

കലാതൽപ്പരരായ കുട്ടികൾക്ക് പ്രോത്സാഹനവും പിന്തുണയും നൽകുന്നതിനു കഴിഞ്ഞ അധ്യയന വർഷം ആരംഭിച്ച വാട്സാപ്പ് ഗ്രൂപ്പ് ആണിത്. ഈ ഗ്രൂപ്പിൽ വിവിധ പ്രവർത്തനങ്ങൾ നൽകി വരികയും നിർമ്മിച്ച ഉൽപ്പന്നങ്ങൾ പ്രദർശിപ്പിച്ചു വരികയും ചെയ്യുന്നു. ചിത്രരചന, ഡെക്കോ പാഷ്, ക്രാഫ്റ്റ്, വേസ്റ്റ് മെറ്റീരിയൽ പ്രോഡക്റ്റ്, ഗ്ലാസ് പെയിന്റിംഗ്, പാട്ട്, നാടൻ പാട്ട്, ലഘു വീഡിയോ നിർമ്മാണം തുടങ്ങിയവ കുട്ടികൾ ടാലന്റ് ഹബ്ബിൽ പോസ്റ്റ് ചെയ്യുന്നുണ്ട്. കുട്ടികൾക്ക് പ്രോത്സാഹനങ്ങളും നിർദ്ദേശങ്ങളും അധ്യാപകർ നൽകിവരുന്നു.

.

## നേർക്കാഴ്ച

കോവിഡ് കാലത്തെ പഠനാനുഭവങ്ങളും ജീവിതാനുഭവങ്ങളെയും ആസ്പദമാക്കി നടത്തിയ ചിത്രരചന മത്സരത്തിൽ എല്ലാ ക്ളാസ്സിലെ കുട്ടികളും പങ്കെടുത്തു.വീടുകളിൽ നിന്ന് വരച്ച ചിത്രങ്ങൾ കുട്ടികൾ ക്ലാസ് അധ്യാപകർക്ക് വാട്ട്സ് ആപ്പിലൂടെ അയച്ചുകൊടുത്തു.



## സ്കോളർഷിപ്പ്

കുട്ടികൾക്ക് അർഹമായ എല്ലാ സ്കോളർഷിപ്പുകളും യഥാസമയം ഓൺലൈൻ വഴി ചെയ്യുന്നതിനാവശ്യമായ പിന്തുണാസംവിധാനം സ്കൂൾ ലിറ്റിൽ കൈറ്റ്സ് ടീം ചെയ്തുവരുന്നു. പ്രീമെട്രിക്,പോസ്റ്റ് മെട്രിക്,NMMS തുടങ്ങിയ സ്കോളർഷിപ്പുകൾ ഓൺലൈനിൽ അപ്ലൈ ചെയ്യാൻ എല്ലാവിധ സഹായങ്ങളും നൽകുന്നു.

## വാക്സിനേഷൻ

പത്താം സ്റ്റാൻഡാർഡിലെ എല്ലാ കുട്ടികൾക്കും പ്രതിരോധവത്ക്കരണത്തിന്റെ ഭാഗമായി വാക്സിനേഷൻ നൽകി.അതിരമ്പുഴ പ്രൈമറി ഹെൽത്ത് സെന്ററിന്റെ നേതൃത്വത്തിലാണ് പ്രതിരോധ കുത്തിവെയ്പ് നൽകിയത്.

## കുട്ടിക്ക് ഒരു കൂട്ട്

പത്താം ക്ലാസ്സിൽ പഠിക്കുന്ന സവിശേഷ ശ്രദ്ധയർഹിക്കുന്ന കുട്ടികൾക്കായി "കുട്ടിക്ക് ഒരു കൂട്ട് "എന്ന പദ്ധതി നടപ്പിൽ വരുത്തി.ഓരോ അധ്യാപകനും പഠനപിന്നാക്കാവസ്ഥയിലുള്ള ഒരുകുട്ടിയുടെ ഉത്തരവാദിത്വം ഏറ്റെടുക്കുന്നു.ഓരോ കുട്ടിയേയും ബന്ധപ്പെട്ട അധ്യാപകർ ഫോണിൽ വിളിക്കുകയും നേരിൽ കാണുകയും –അവനെ സംബന്ധിക്കുന്ന പ്രൊഫൈൽ എഴുതി വയ്ക്കുകയും ചെയ്യുന്നു.അവന് എല്ലാപിന്തുണയും നൽകുന്നു.അവന്റെ കുടുംബവുമായും നല്ല ബന്ധം പുലർത്തുന്നു.മോട്ടിവേഷൻ നൽകുന്നു.നിരന്തര വിലയിരുത്തുന്നതിലൂടെ അവനെ പഠനത്തിൽ താൽപര്യം ഉളവാക്കാൻ കഴിയുന്നു.വാരാന്ത്യത്തിൽ കുട്ടിയുടെ പഠന പുരോഗതി വിലയിരുത്തുന്നു.

## ലഹരി വിരുദ്ധ ക്യാമ്പയിൻ

ഒക്ടോബർ ആറാം തീയതി രാവിലെ 10 മണിക്ക് ലഹരി വിരുദ്ധ ക്യാമ്പയിൻ സ്കൂൾ തല ഉദ്ഘാടനം സ്കൂളിലെ ഇൻഡോർ സ്റ്റേഡിയത്തിൽ വച്ച് നടത്തപ്പെട്ടു.തുടർന്ന് മുഖ്യമന്ത്രിയുടെ പ്രസംഗം സംപ്രേഷണം ചെയ്തു.ദിവസം പ്രതി ലഹരിക്ക് അടിമകളാകുന്ന മനുഷ്യരുടെ എണ്ണം വർദ്ധിച്ചുവരികയാണ്. ഈ അവസരത്തിൽ സ്കൂൾതലം മുതൽ ലഹരി വിരുദ്ധ പരിപാടികൾ ആവിഷ്കരിക്കേണ്ടതുണ്ട്. ലഹരിക്കെതിരായി സ്കൂളിൽ ആന്റി ഡ്രഗ് ക്ലബ് പ്രവർത്തിക്കുന്നുണ്ട്.ലഹരിക്കെതിരായ പോസ്റ്റർ നിർമ്മാണ മത്സരം , ഏസ്വചിത്ര മത്സരം , പ്രസംഗമത്സരം തുടങ്ങി വിവിധ പരിപാടികൾ



സ്കൂൾതലത്തിൽ ആവിഷ്കരിക്കാറുണ്ട്.ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ചേർന്ന് വിദ്യാർത്ഥികൾക്ക് ലഹരി വസ്തുക്കളുടെ ദോഷവശങ്ങളെക്കുറിച്ച് ഒരു സെമിനാർ എടുത്തു.ഇൻഡോർ സ്റ്റേഡിയത്തിൽ വച്ച് നടന്ന പരിപാടിയുടെ വീഡിയോ ലിറ്റിൽ കൈറ്റ് അംഗങ്ങൾ നിർമ്മിച്ചു. ഇതിന് ആവശ്യമായ നേതൃത്വം കൈറ്റ് മാസ്റ്റേഴ്സ് നൽകി.



## സ്കൂൾ വാർഷികം 2022-23

മാന്നാനം സെന്റ് എഫ്രേംസ് ഹയർ സെക്കൻഡറി സ്കൂളിന്റെ 138-ാമത് സ്കൂൾ വാർഷികവും ഈ അധ്യയന വർഷം വിരമിക്കുന്ന അധ്യാപകർക്കായുള്ള യാത്രയയപ്പും 2023 ജനുവരി മാസം ഇരുപതാം തീയതി വെള്ളിയാഴ്ച രാവിലെ പത്തുമണിക്ക് സ്കൂൾ ഇൻഡോർ സ്റ്റേഡിയത്തിൽ വച്ച് നടന്നു.

മാന്നാനം ആശ്രമാധിപൻ ഫാദർ മാത്യു ചക്കാലക്കൽ സി.എം.ഐ അധ്യക്ഷത വഹിച്ച യോഗം ഉദ്ഘാടനം ചെയ്തത് ബഹുമാനപ്പെട്ട മോൻസ് ജോസഫ് എം.എൽ.എ ആയിരുന്നു.



10 മണിക്ക് സ്കൂൾ മുറ്റത്ത് പതാക ഉയർത്തിക്കൊണ്ടായിരുന്നു പരിപാടികൾക്ക് തുടക്കം കുറിച്ചത്. പ്രിൻസിപ്പാൾ ശ്രീ. ജെയിംസ് പി ജെക്കബ് സ്വാഗതം ആശംസിച്ചു. ശ്രീമതി ബെൻസി കെ ജോസഫ് റിപ്പോർട്ട് സമർപ്പിച്ചു. ഫാദർ സെബാസ്റ്റ്യൻ ചാമത്തറ സിഎംഐ മുഖ്യപ്രഭാഷണം

നടത്തി.ഹെഡ്മാസ്റ്റർ ശ്രീ മൈക്കിൾ സിറിയക്,മാഗി എലിസബത്ത് എബ്രഹാം,ലിനി ജെയിംസ് എന്നീ അധ്യാപകർക്കും ഓഫീസ് അസിസ്റ്റൻറ് ആയി സേവനമനുഷ്ഠിച്ച ആന്റണി ടി സി ക്കുമായിരുന്നു യാത്രയയപ്പ് നൽകിയത്.

കെ ഇ സ്കൂൾ പ്രിൻസിപ്പാൾ ഫാദർ ജെയിംസ് മുല്ലശ്ശേരി സി എം ഐ അച്ചനാണ് വിരമിക്കുന്ന അധ്യാപകരുടെ ഫോട്ടോ അനാച്ഛാദനം നിർവഹിച്ചത്.




അതിരമ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ സജി തടത്തിൽ, കോട്ടയം ജില്ലാ പഞ്ചായത്ത് മെമ്പർ ഡോ. റോസമ്മ സോണി, ഏറ്റുമാനൂർ ഉപജില്ല എ.ഇ.ഓ ശ്രീമതി ശ്രീജ പി ഗോപാൽ, അതിരമ്പുഴ ഗ്രാമപഞ്ചായത്ത് മെമ്പർ ശ്രീ. ഷാജി ജോസഫ്, സ്റ്റാഫ് പ്രതിനിധി ശ്രീ മാത്തുക്കുട്ടി മാത്യു, പിടിഎ പ്രസിഡന്റ് ശ്രീ. ഷോബിച്ചൻ കെ ജെ , വിദ്യാർത്ഥി പ്രതിനിധി കുമാരി ആവണി സന്തോഷ് തുടങ്ങിയവർ പ്രസംഗിച്ചു .

കലാ – കായിക – പഠന രംഗത്ത് മികച്ച പ്രകടനം കാഴ്ചവച്ച പ്രതിഭകൾക്ക് വേദിയിൽ വച്ച് വിവിധ



സ്കോളർഷിപ്പുകൾ വിതരണം ചെയ്തു. ഡോ. മിനിമോൾ കുര്യൻ കൃതജ്ഞത രേഖപ്പെടുത്തി. തുടർന്ന് ദേശീയ ഗാനത്തോടെ പൊതുസമ്മേളനം അവസാനിച്ചു. അതിനു ശേഷം ഉച്ചക്ക് ഒന്നരയോടെ കലാപരിപാടികൾ ആരംഭിച്ചു.കുട്ടികൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു. ഗാനങ്ങളും നൃത്തങ്ങളുമായി സ്കൂൾ വാർഷികം മനോഹരമായിരുന്നു.

# പഠനോൽസവം 2023

2023 മാർച്ച് മാസം 30–ാം തീയതി ഉച്ചക്ക് ഒന്നരക്ക് സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് പഠനോത്സവം നടന്നു.കുട്ടികൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു.ഈശ്വര പ്രാർത്ഥനയോടെ ആരംഭിച്ച പഠനോത്സവം കുട്ടികൾ ചേർന്ന് ഒരു വിജയോത്സവമാക്കി മാറ്റി.കുമാരി ആഗ്നസ് ജോസഫ് ശ്രുതി



മധുരമായ ഗാനം ആലപിച്ചു.കൃത്യനിഷ്ഠയുടെ പ്രാധാന്യത്തെ കുറിച്ച് മാസ്റ്റർ വർഗീസ് സിനോജ്.കുമാരി ഗാർഗി ബിജു കവിത ആലപിച്ചു. 8D,8E,8C തുടങ്ങിയ ക്ലാസിലെ കുട്ടികൾ സംഘ ഗാനം അവതരിപ്പിച്ചു.ആഗോളതാപനത്തിന്റെ പ്രാധാന്യത്തെ കുറിച്ച് മാസ്റ്റർ നെവിൻ പ്രമോദ് സംസാരിച്ചു.ഫായിസ്

മുഹമ്മദ് മാപ്പിളപ്പാട്ട് പാടി.ഹെഡ്‌മാസ്റ്റർ മൈക്കിൾ സിറിയക്ക് ആശംസകളറിയിച്ചു.








# ലിറ്റിൽ കൈറ്റ്സ് ഐ.റ്റി ക്ലബ്ബ്

ലിറ്റിൽ കൈറ്റ്സ് ഐടി ക്ലബ്ബ് ശ്രീ ജോഷി ടി സി ശ്രീമതി കുഞ്ഞുമോൾ സെബാസ്റ്റ്യൻ എന്നിവരുടെ നേതൃത്വത്തിൽ മൂന്നു ബാച്ചുകളിലായി 87 കുട്ടികൾക്ക് പരിശീലനം നടത്തുന്നു . പ്രോഗ്രാമിംഗ് ,ആനിമേഷൻ ,റോബോട്ടിക്സ്, മലയാളം കമ്പ്യൂട്ടിംഗ് ,ഇൻററർനെറ്റ് എന്നീ വിവിധ മേഖലകളിൽ ക്ലബ്ബിലെ കുട്ടികൾക്ക് പരിശീലനം നടത്തിവരികയാണ്. 2020–23 ബാച്ചിലെ വർഷത്തിൽ പ്രവേശനപരീക്ഷ നടത്തിയാണ് ലിറ്റിൽ കൈറ്റ്സ് കുട്ടികളെ തെരഞ്ഞെടുക്കുന്നത്.20–23 ബാച്ചിലെ കുട്ടികളുടെ സ്കൂൾതല ക്യാമ്പ് ജനുവരി ഇരുപതാം തീയതി രാവിലെ 10 മണിക്ക് ഹെഡ്മാസ്റ്റർ ശ്രീ മൈക്കിൾ സിറിയക് സാർ നിർവഹിച്ചു. 31 കുട്ടികൾ പങ്കെടുത്തു. 21– 24 ബാച്ചിലെ കുട്ടികൾക്കും പ്രവേശന പരീക്ഷകളുടെ ആണ് തെരഞ്ഞെടുപ്പ് നടത്തിയത്. 28 കുട്ടികളെയാണ് തെരഞ്ഞെടുത്തത്.

ubuntu Installation സ്കൂളിലെ കുട്ടികളുടെ ഓൺലൈൻ സ്കോളർഷിപ്പ് കളുടെ ഓൺലൈൻ എൻട്രി നടത്തുക ,ഹൈടെക് ക്ലാസ് മുറികളുടെ പരിപാലനം , കമ്പ്യൂട്ടർ ലാബിന്റെ പരിപാലനം, സ്കൂൾ ലൈബ്രറിക്കുള്ള പുസ്തക

**ശേഖരണം ലിറ്റിൽ കൈറ്റ്സ് ഐടി ക്ലബ്ബിൻറെ അംഗങ്ങളുടെ തനത് പ്രവർത്തനങ്ങളാണ്.**

**കൈറ്റ് മിസ്ട്രസ്,**
**ശ്രീമതി. കുഞ്ഞുമോൾ സെബാസ്റ്റ്യൻ**



# ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾ



# സ്വതന്ത്ര സോഫ്റ്റ്‌വെയർ ദിനാചരണം


സെപ്റ്റംബർ 17 ശനിയാഴ്ച ലിറ്റിൽ കൈറ്റ്സ് അഗങ്ങളുടെ നേതൃത്തത്തിൽ സൗജന്യ സോഫ്റ്റ് വെയർ ഇൻസ്റ്റാളേഷൻ കാപേയിൻ നടത്തി. മുമ്പ് നിർദ്ദേഷിച്ചിരുന്നതുപോലെ കുട്ടികൾ തങ്ങളുടെ വീടുകളിൽനിന്ന് ലാപ്റ്റോപ്പുകൾ കൊണ്ടുവന്നു.




കൈറ്റ്സ് അംഗങ്ങൾ രാവിലെ 10 മണി മുതൽ വൈകുന്നേരം 3 മണ് വരെ ubuntu സോഫ്റ്റ് വെയറിന്റെ 18.04.1 64 ബിറ്റ് വേർഷൻ ഇൻസ്റ്റാൾ ചെയ്തു കൊടുത്തു. കാംപ്യനു ശേഷം വീണ്ടും എടുത്ത സർവേയിൽ കൂടുതൽ പേരും സ്വതന്ത്ര സോഫ്റ്റ് വെയറിലേക്ക് മാറിയത് ലിറ്റിൽ കൈറ്റ്സ് പ്രവർത്തനത്തിന്റെ വലിയ വിജയം തന്നെയാണ്.

# ക്ലാസ് ലൈബ്രറി ഡിജിറ്റൽവല്ക്കരണം

വായനാദിനത്തോടനുബന്ധിച്ച് ആരംഭിച്ച'വായനശാല ക്ലാസുകളിലേക്ക്' എന്ന പദ്ധതിയിൽ എല്ലാ വിദ്യാർത്ഥികളും അവരവരുടെ വീടുകളിൽ നിന്ന് കൊണ്ടുവന്ന പുസ്തകങ്ങൾ അതാതു ക്ലാസിലെ ലിറ്റിൽ



കൈറ്റ്സിലെ കുട്ടികൾ ചേർന്ന് ശേഖരിക്കുകയും അവ ക്രമീകരിച്ച് ക്ലാസുകളിൽ സ്ഥാപിച്ച റാക്കുകളിൽ അടുക്കിവയ്ക്കുകയും ചെയ്തു. സ്കൂളിലെ അധ്യാപകരുടെയും സ്കൂൾ മാനേജ്മെന്റിന്റെയും സഹകരണം ഈ പരിപാടിയുടെ വിജയത്തിൽ ഏറെ സഹായിച്ചു. ഭാവിയുടെ വാഗ്ദാനമായ നമ്മുടെ കുട്ടികളിൽ വായനാശീലവും സാഹിത്യാഭിരുചിയും വളർത്തുവാൻ ഈ പദ്ധതി ഗുണം ചെയ്തു.

ലിറ്റിൽ കൈറ്റ്സിലെ കുട്ടികൾ ചേർന്ന് ഓരോ ക്ലാസിലെ പുസ്തകങ്ങളുടെയും പേര്,രചയിതാവിന്റെ പേര്, എണ്ണം എന്നിവയെടുത്ത് ക്ലാസ് ലൈബ്രറിയുടെ

കണക്കുകൾ ഡിജിറ്റൽ ആക്കി.പുതുതായി വരുന്ന പുസ്തകങ്ങൾ ഡിജിറ്റൽ രേഖയിലേക്ക് ചേർത്തുവരുന്നു.









# കുട്ടിക്ക് ഒരു പൂച്ചട്ടി

2022 ജൂൺ ഒന്നാം തീയതി ലിറ്റിൽ കൈറ്റ്സിലെ കുട്ടികൾ മുൻകൈയെടുത്ത് "കുട്ടിക്ക് ഒരു പൂച്ചട്ടി" എന്ന പദ്ധതി നടപ്പിലാക്കുകയുണ്ടായി.ഒരു കുട്ടി ഒരു പൂച്ചെടിയോ ഔഷധസസ്യമോ കൊണ്ടുവന്ന് സ്കൂൾ മുറ്റം മനോഹരമാക്കണമായിരുന്നു ഇതിൽനിന്ന് പ്രചോദനം ഉൾക്കൊണ്ട് സ്കൂളിലെ മറ്റു വിദ്യാർത്ഥികളും ഈ പദ്ധതിയിൽ പങ്കാളികളായി. ചട്ടികളിൽ അവരവരുടെ പേരും ക്ലാസും രേഖപ്പെടുത്തിയാണ് കൊണ്ടുവരേണ്ടിയിരുന്നത്. അതിനാൽ എല്ലാവരും വളരെ ഉത്സാഹത്തോടെ ഈ പദ്ധതിയിൽ പങ്കുചേർന്നു.



അങ്ങനെ മനോഹരമായ ഒരു ഉദ്യാനം സ്കൂളിൽ ഉണ്ടാക്കിയെടുക്കാൻ സാധിച്ചു.ഈ ഉദ്യാനം ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തന്നെയാണ് പരിപാലിച്ചു പോരുന്നത്. ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ഓരോരുത്തരും സാധിക്കുന്ന വിധത്തിൽ സ്കൂളിലെ ഉച്ചഭക്ഷണ പദ്ധതിയിലേക്ക് പച്ചക്കറികളും പല വ്യഞ്ജനങ്ങളും മാത്രമല്ല ചെറിയ സംഭാവനകളും നൽകി സഹായിച്ചു പോരുന്നു. പാഠ്യേതര പ്രവർത്തനങ്ങൾക്ക് അതീതമായി ലഭിക്കുന്ന ഇത്തരം പ്രവർത്തനങ്ങൾ വേറിട്ട അനുഭവമാണ് നൽകുന്നത്.

# Single Window Help Desk

പത്താം ക്ലാസ് വിദ്യാർത്ഥികളുടെ പ്ലസ് വൺ അലോട്ട്മെൻറ് ഏകജാലകം വഴി ചെയ്യുവാനായി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ കൈറ്റ് മാസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ Single Window Help Desk പ്രവർത്തിച്ചു.ഇതിനായി നിർദ്ദേശാനുസരണം വിദ്യാർത്ഥികൾ തങ്ങളുടെ മൊബൈൽ ഫോണുകൾ വീട്ടിൽനിന്ന് സ്കൂളിലേക്ക് കൊണ്ടുവന്നിരുന്നു.ലിറ്റിൽ കൈറ്റ്സ് കുട്ടികൾ 20 കുട്ടികൾക്ക് സിംഗിൾ വിൻഡോ ഓൺലൈൻ ആപ്ലിക്കേഷൻ ചെയ്തു കൊടുത്തു.





# പ്ലസ് വൺ അലോട്ട്മെന്റ് 2022

ലിറ്റിൽ കൈറ്റ്സ് കുട്ടികൾ കൈറ്റ് മാസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ ഏകജാലക പ്ലസ് വൺ അലോട്ട്മെന്റുകൾ പരിശോധിച്ച് പ്രിന്റ് എടുത്തു നൽകിയത് പ്ലസ് വൺ അഡ്മിഷന് അപേക്ഷാർത്ഥികൾക്ക് വളരെ പ്രയോജനപ്രദമായി.



# ലിറ്റിൽ കൈറ്റ്സ് സെമിനാർ സിരീസ്

ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായ ഒൻപതാം ക്ലാസ് വിദ്യാർത്ഥികൾ ചേർന്ന് വിവിധ വിഷയങ്ങളെ ആസ്പദമാക്കി സ്കൂളിലെ കുട്ടികൾക്കായി സെമിനാറുകൾ എടുത്തു. സാങ്കേതികവിദ്യ, ശാസ്ത്രം, സാഹിത്യം, ആരോഗ്യം എന്നീ വിഷയങ്ങളെ അടിസ്ഥാനമാക്കിയുള്ളതായിരുന്നു ക്ലാസുകൾ.

സെമിനാർ വിഷയങ്ങൾ:
1) എന്താണ് നിർമിത ബുദ്ധി ?
2)അടിസ്ഥാനശാസ്ത്രം സുസ്ഥിര വികസനത്തിന്
3) കുട്ടികളുടെ സാഹിത്യം കുട്ടികളുടെ കാഴ്ചപാടിൽ
4) സാങ്കേതികവിദ്യ ആരോഗ്യ മേഖലയിൽ





## എന്താണ് നിർമിത ബുദ്ധി ? (ക്ലാസ് എടുത്തത് – നെവിൻ പ്രമോദ് 9D )

നിർമിത ബുദ്ധി – സെമിനാർ നിർമിത ബുദ്ധിയെ കുറിച്ചും അതിന്റെ ചരിത്രത്തെ കുറിച്ചും റോബോട്ടുകളുടെ പ്രവർത്തനം, ഉപയോഗം, വിവിധതരം റോബോട്ടുകൾ തുടങ്ങിയ വിഷയങ്ങളെ ആസ്പദമാക്കി 9 D യിൽ പഠിക്കുന്ന നെവിൻ പ്രമോദ് സെമിനാർ അവതരണം നടത്തി.വിദ്യാർത്ഥികളെ റോബോട്ടുകളെക്കുറിച്ചും അവയുടെ പ്രവർത്തന രീതികളെ കുറിച്ചും നിർമ്മിത ബുദ്ധി എന്ന വളർന്നുവരുന്ന കമ്പ്യൂട്ടർ സയൻസിന്റെ ശാഖയെക്കുറിച്ചും ബോധവാന്മാരാകുന്നതിന് ഈ സെമിനാർ അവതരണത്തിന് സാധിച്ചു.



# കംമ്പ്യൂട്ടർ ഹാർഡ്‌വെയർ പാർട്ട്സ് പരിചയപ്പെടാം - ക്ലാസ്

സ്കൂൾ കമ്പ്യൂട്ടർ ലാബിൽ വച്ച് കുഞ്ഞുമോൾ ടീച്ചർ വിദ്യാർത്ഥികൾക് കംമ്പ്യൂട്ടർ ഹാർഡ്‌വെയർ പാർട്ട്സ് പരിചയപ്പെടുത്തികൊണ്ട് ഒരു ക്ലാസ് എടുത്തു.കംമ്പ്യൂട്ടർ എപ്രകാരമാണ് പ്രവർത്തിക്കുന്നതെന്നും അതിലെ ഓരോ ഭാഗങ്ങളും എന്താണെന്നും എന്തിനാണെന്നും ടീച്ചർ കുട്ടികൾക്ക് പറഞ്ഞു മനസ്സിലാക്കി കൊടുത്തു.വിദ്യാർത്ഥികൾക്ക് ക്ലാസ് വളരെ ഉപകാരപ്രദമായിരുന്നു.





# ഡിജിറ്റൽ ഗ്രീറ്റിംഗ് കാർഡ് നിർമ്മാണം

ക്രിസ്തുമസിനോടനുബന്ധിച്ച് ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ചേർന്ന് സ്കൂൾ കമ്പ്യൂട്ടർ ലാബിൽ വച്ച് ഡിജിറ്റിൽ ഗ്രീറ്റിംഗ് കാർഡ് നിർമ്മിച്ചു. കുട്ടികൾ വളരെ ആകർഷകരവും ഭംഗിയുള്ളതുമായ ഗ്രീറ്റിംഗ് കാർഡുകൾ നിർമ്മിച്ച് ക്ലാസ് ഗ്രൂപ്പുകളിൽ പോസ്റ്റ് ചെയ്തു.






## വിദ്യാർത്ഥികൾക്ക് സ്ക്രാച്ച് –ആനിമേഷൻ പരിശീലനം

സ്കൂളിലെ വിദ്യാർഥികൾക്കായി സ്ക്രാച്ച് ആനിമേഷൻ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ പരിശീലനം നൽകിവരുന്നു.കൈറ്റ് മാസ്റ്റേഴ്സ് കുട്ടികൾക്ക് ക്ലാസുകൾ നൽകിയിരുന്നു.2022–2024 ബാച്ചിലെ ലിറ്റിൽ കൈറ്റ്സ് കുട്ടികളുടെ സബ്ബ് ജില്ലാ ക്യാമ്പിലേക്ക് തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്കും പ്രത്യേകം പരിശീലനം നൽകിവരുന്നു.സ്ക്രാച്ച് 2 സോഫ്റ്റ്‌വെയർ ഉപയോഗിച്ചുള്ള പ്രോഗ്രാമിംഗ് കുട്ടികൾക്ക് രസകരമായ ഒരു അനുഭവമാണ്.കുട്ടികൾ സ്ക്രാച്ച് ഉപയോഗിച്ച് പല ഗെയിമുകളും നിർമ്മിക്കുന്നു.അതുപോലെതന്നെ Tupitube സോഫ്റ്റ്‌വെയർ ഉപയോഗിച്ചുള്ള ആനിമേഷൻ പഠനവും കുട്ടികൾക്ക് ആവേശകരമാണ്. കാർ ഓടിക്കൊണ്ടിരിക്കുന്ന ആനിമേഷൻ വീഡിയോയും കുട്ടി പട്ടം പറത്തി കൊണ്ടിരിക്കുന്ന വീഡിയോയും ഒക്കെ കുട്ടികൾ നിർമ്മിക്കുന്നു.ഓരോ കുട്ടിയും തങ്ങളുടെ ഭാവനയ്ക്കനുസരിച്ച് കഥകൾ അനിമേഷൻ രൂപത്തിൽ ആക്കി കൊണ്ടിരിക്കുന്നു.പ്രോഗ്രാമിങ്ങിനും ആനിമേഷനും ആവശ്യമായ റിസോഴ്സുകൾ സ്കൂൾ ലിറ്റിൽ കൈറ്റ്സ് ഐടി ക്ലബ്ബിൻറെ നേതൃത്വത്തിൽ വിദ്യാർത്ഥികൾക്ക് നൽകുന്നു.

# ലിറ്റിൽ കൈറ്റ്സ് ജില്ലാതല ക്യാമ്പ്

2023 ഫെബ്രുവരി മാസം 11,12 തീയതികളിൽ മാന്നാനം സെന്റ് എഫ്രേംസ് ഹയർ സെക്കൻഡറി സ്കൂളിൽ വച്ച് നടന്ന ലിറ്റിൽ കൈറ്റ് സ് ജില്ലാതല ക്യാമ്പിലെക്ക് സ്കൂളിൽനിന്ന് മൂന്നുപേർ തിരഞ്ഞെടുക്കപ്പെട്ടു. ആനിമേഷൻ വിഭാഗത്തിൽ ആഗ്നസ് ജോസഫും പ്രോഗ്രാമിംഗ് വിഭാഗത്തിൽ നെവിൻ പ്രമോദ്, സെബിൻ ബൈജു എന്നിവരും തിരഞ്ഞെടുക്കപ്പെട്ടു.കോട്ടയം ജില്ലയിലെ വിവിധ സ്കൂളുകളിൽ നിന്ന് എൺപത്തിനാല് വിദ്യാർത്ഥികൾ ക്യാമ്പിൽ പങ്കെടുത്തു. കുട്ടികൾക്ക് ക്യാമ്പ് വളരെ ഉപകാരപ്രദമായിരുന്നു.ലിറ്റിൽ കൈറ്റ്സ് സംസ്ഥാനതല ക്യാമ്പ് പ്രോഗ്രാമിംഗ് വിഭാഗത്തിൽ മാന്നാനം സെന്റ് എഫ്രേംസ് ഹയർ സെക്കൻഡറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗമായ മാസ്റ്റർ നെവിൻ പ്രമോദ് തിരഞ്ഞെടുക്കപ്പെട്ടു.സംസ്ഥാനതല ക്യാമ്പിലേക്ക് സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗം തിരഞ്ഞെടുക്കപ്പെട്ടത് സെന്റ് എഫ്രേംസ് സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന് അഭിമാനാർഹമാണ്.





# ക്ലാസ് മാഗസിൻ ഡിജിറ്റൽ പതിപ്പ് നിർമ്മാണം

ഈ അദ്ധ്യയന വർഷം കുട്ടികൾ ബുള്ളറ്റിൻ ബോർഡിൽ പ്രദർശിപ്പിച്ച രചനകൾ ഉൾപ്പെടുത്തി കൊണ്ട് എല്ലാ ക്ലാസ്സുകളും ക്ലാസ് മാഗസിൻ നിർമിച്ചു. ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ചേർന്ന് സ്കാനർ ഉപയോഗിച്ച് എല്ലാ ക്ലാസ് മാഗസിനുകളും പി.ഡി.എഫ് ഫോർമാറ്റിലാക്കുകയും പിന്നീട് അവ ഡിജിറ്റൽ ഫ്ലിപ്പ് ബുക്ക് ആക്കി മാറ്റുകയും ചെയ്തു. കയ്യെഴുത്തു മാസികകൾ ഈ പ്രവർത്തനത്തിലൂടെ എല്ലാ വിദ്യാർത്ഥികൾക്കും ലഭ്യമാക്കി.





# സ്കൂൾ ഐടി മേള

2022 സെപ്റ്റംബർ 22 വ്യാഴാഴ്ച സ്കൂൾ കമ്പ്യൂട്ടർ ലാബിൽ വച്ച് സ്കൂൾതല ഐടി മേള നടന്നു.സ്ക്രാച്ച് പ്രോഗ്രാമിംഗ് മത്സരത്തിൽ ദേവിക മനോജ്, ആനിമേഷൻ മത്സരത്തിൽ എയ്ഞ്ചൽ സാബു, വെബ് പേജ് ഡിസൈനിങ് മത്സരത്തിൽ നെവിൻ പ്രമോദ്, മലയാളം കംപ്യൂട്ടിങ്ങ് ആൻഡ് ഫോർമാറ്റിംങ്ങിൽ സിറിൽ, ഡിജിറ്റൽ പെയിൻറിംഗ് മത്സരത്തിൽ അഭിഷേക് കെ അനൂപ്, ഐടി ക്വിസ്സിൽ നിരഞ്ജൻ കെ പ്രസാദ്, രചനയും അവതരണവും മത്സരത്തിൽ ആവണി സന്തോഷ് എന്നിവർ വിജയികളായി ഉപജില്ലാതല മത്സരത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു.കൈറ്റ് മാസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ കൈറ്റ് അംഗങ്ങൾ മത്സരങ്ങൾക്ക് വേണ്ട ക്രമീകരണങ്ങൾ ചെയ്തു.



# ഉപജില്ലാതല ഐടി മേള

അയർക്കുന്നം സെന്റ് സെബാസ്റ്റ്യൻസ് എച്ച്.എസ്.എസ് സ്കൂളിൽ വച്ച നടന്ന ഏറ്റുമാനർ ഉപജില്ലാതല ഐടി മേള മത്സരങ്ങളിൽ ഹൈസ്കൂൾ വിഭാഗത്തിൽ വെബ് പേജ് ഡിസൈനിങ് മത്സരത്തിൽ നെവിൻ പ്രമോദ് , മലയാളം കംപ്യൂട്ടിങ്ങ് ആൻഡ് ഫോർമാറ്റിംങിൽ സിറിൽ , രചനയും അവതരണവും മത്സരത്തിൽ ആവണി സന്തോഷ് എന്നിവർ ഒന്നാം സ്ഥാനവും ഡിജിറ്റൽ പെയിൻറിംഗ് മത്സരത്തിൽ അഭിഷേക് കെ അനൂപ് , ഐടി ക്വിസ്സിൽ നിരഞ്ജൻ കെ പ്രസാദ് എന്നിവർ മൂന്നാം സ്ഥാനവും കരസ്ഥമാക്കി.ഓവ റോൾ സെന്റ് എഫ്രേംസ് എച്ച് എസ് എസ് സ്കൂൾ മികച്ച പ്രകടനമാണ് കാഴ്ച വെക്കുന്നത്.



# ജില്ലാതല ഐടി മേള

കോട്ടയം ജില്ലാതല ഐടി മേള മത്സരങ്ങളിൽ ഹൈസ്കൂൾ വിഭാഗത്തിൽ വെബ് പേജ് ഡിസൈനിങ് മത്സരത്തിൽ നെവിൻ പ്രമോദ് ഒന്നാം സ്ഥാനത്തിനും A ഗ്രേഡിനും അർഹനായി.രചനയും അവതരണവും മത്സരത്തിൽ ആവണി സന്തോഷ് മൂന്നാം സ്ഥാനം കരസ്ഥമാക്കി.


 


# ഫോട്ടോ ആൽബം

സ്കൂളിൽ നടക്കുന്ന പരിപാടികൾ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ഭംഗിയോടെ ക്യാമറയിൽ ചിത്രീകരിച്ചു വരുന്നു. ഈ അധ്യയന വർഷത്തിലെ പരിപാടികളുടെ ഒരു ഫോട്ടോ അൽബം നിർമ്മിക്കാനുള്ള ഒരുക്കത്തിലാണ് ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ. അതിനുവേണ്ടി എല്ലാ ആഴ്ചയും കുട്ടികൾ ഫോട്ടോസ് ഫയലുകളിലേക്ക് പകർത്തി സേവ് ചെയ്തുവരുന്നു.




ചിത്രശാല



















**By: Kalyani A**











**By: Nevin Promod**










By: Abhishek K Anoop









**By:Josna Thomas**






**By: Sarang Krishna S**


ENGLISH
speak
am
is
are
who?
where?
-ing
Does
YES
don't
Past
B
verbs
-s
at
A
on
ABC
Do
Did
T

Essay

## Importance of Handwritten Magazines

Our schools are the holy temples which raise each child to the world of letters and knowledge. Teachers are the main factors which help the children to turn their imagination into words. Teachers help them to bring out their talents by motivating them.



Our new educational system gives due importance for the handwritten magazines. It should be regarded as something which gives the young writers to express their mind without any restrictions. Not only stories and poems but also comic pieces, pictures, puzzles, riddle, write ups etc are included in it.

It increases the curious nature of students. Their knowledge will not be limited in text book alone. For the contents to of the magazines they search outside their curriculum.

Handwritten magazines enables the students to create a loving world of letter. Hidden talents of students and brought to light with the help of handwritten magazines.


-Angel Sabu



# Facts about Nature

* Sharks has a very good sense of smell. They can detect one part of blood in 100 million parts of water.

* Lichen are only a few centimetres tall, but they live for a very long time in the coldest places on Earth. Some lichens in Antartica are more than 4,000 years old.




* The digestive juices of a hyena are strong enough to break down bones.

* The blue whale is the largest animal that was ever lived. It’s heart alone can weight 180kg.

* A bee’s buzz is made by its wings, which flap 250 times a second.

* A typical bed is home to about 2 million dust mites.

* A termite queen lays 30,000 eggs a day.

Article

## Proud being a girl

*A* girl is a female human ; she goes through stags of life from childhood, adolescences until she becomes a women. As a girl child I am a proud daughter, sister of course a proud citizen. I believe that i deserve to feel proud of my achievements and not deliberately reduce my light and shine because someone else feels insecure.



The subject of empowerment of women and discrimination has becoming a burning issue all over the world. Anything that makes a women feel inferior and takes away her self-respect is abuse.

Most people (especially in this part of the world) consistently undermine the value and relevance of the female child ; they would prefer a

male child who is capable of preserving the family name.

We are very creative, innovative and presistent especially when we want something even if sometimes we hardly get what we want.



Being a girl isn't easy, especilly in this time and age we are sensitive to pain , we get heartbroken easily.

As we celebrate the international day of the girl child we recognize the importance and strength

that she portrays and expressses. This celebration isn't just about fundraising and raising awareness it is about collection of data to learn as much as we can.

I being a girl have the power to conquer the world ,destroy it and recreate it. I am the creator of all the feelings known to mankind.We are able to stand up for what we believe in, no matter what the cost.We can disagree with oppposing arguments without fear of how our opponents will respond.Our intelligence and knowledge make us strong equal voices in our world

-Avani Santhosh

Article

## Alcohol

*I*t is very amusing that nowadays surprisingly teenagers or younsters are already to exposed to it and unfortunately they became alcoholic in very young age.

Alcohol is very dangerous and can destroys ones family or any relationship .Once a person becomes an addict to alcohol and drugs then its very difficult to come back from the path.



Usage of drugs and alcohols makes their unhappy mind full of happiness and makes them in a world of themselves all alone with illusions and hallucinations where they won't be affected by this unhappiness.

Most of the youths starts the usage of drugs from the their peers.They  use them as they do not

want to be left out.This becomes a routine and the kids starts to meet everyweek and use drugs and the others stuffs secretly with the fear of being caught.

Once if aperson becomes an addict to alcohol it is very difficult to move from that path. So say No to drugs and alcohol in the starting.

-Gichin Aji Sebastian



Story

# Golden Egg

Once upon a time, a farmer had a goose that laid one golden egg every day. The egg provided enough money for the farmer and his wife to support their daily needs. The farmer and his wife continued to be happy for a long time.



But, one day, the farmer thought to himself, "Why should we take just one egg a day? Why can't we take them all at once and make a lot of money?" The farmer told his wife his idea, and she foolishly agreed. Then, the next day, as the goose laid its golden egg, the farmer was quick with a sharp knife. He killed the goose and cut its stomach open, in the hopes of finding

all its golden eggs. But, as he opened the stomach, the only thing he found was guts and blood.

The farmer quickly realized his foolish mistake and proceeded to cry over his lost resource. As the days went on, the farmer and his wife became poorer and poorer. How jinxed and how foolish they were.

-Merin Mariya

Article

# I AM PROUD OF BEING A GIRL

*I* am proud being a girl....I am cause why not.....? yes we are emotional yes we cry ...but we are able to express our true self more freely .And that is beautiful .

We are able to cry all night ...and put a smile on our face the next morning as if nothing is wrong ,God created us all equal since the part many centuries till even the 21$^{st}$ century people think girls are weak and too inferior as compare to boys in many ways .But thats not true .

It was a women who brought you into this world .It was a women who kept you safe inside her body carried you along for months .It was a woman who broke her bones to you to life a human body can bear only upto 45 del of pain . Yet at time of giving birth a months feel upto 57 del of pain . This is similar to 20 bones getting fractured at a time.

‘GIRLS ARE WEAK, ‘STOP CRYING LIKE GIRLS ’ ‘ARE YOU A GIRL’

Its funny that nobody wants a girl child ,But everyone wants a ‘GIRLCHILD” . Its funny that how we capabilities and worth in life and society. Did you ever hear the phrase that says .

‘Behind every successfulman There is a woman ’. we are more powerful and stronger and able than you think we are ....who told you that ‘you are not fit for this job Just because you are a girl .

How does your abilities and capabilities in life ever to do anything with how your body was created ? it’s a blessing to be born as a girl , to have the capability to be gentle as well a bold and beautiful .I am proud to be a girl because I am proud at who I am and how I am

*LOVE MY BODY*
*I LOVE MY SELF*

I love how I can be as bold and as beautiful person that we all are from inside out our body is capable of giving birth to a better generation that nothing to be ashamed at and its not the sign at weakness ‘Its a gift ’ to be a girl is not just your body or your look to be girl

means to embrace your natural self and never to fake anything  and As  a girl fight and defeat others.

I repeat ‘I am proud of being  a girl ’

-Vindhya Vasudev

Essay

## Women Empowerment

To all the women out there .....Women have the potential to inspire others with their small activities .They are a combination of both masculinity and faminity combined together in one piece. All the so called "guys'.See the women as a useless piece of life. But this is the best chance for a woman to show what she can do to



change the world that men cannot .There are many things that a man cannot do which a women can do .Women should never keep their heads down .In the early years right to freedom of speech ,right to freedom of equality etc ... was passed for being of both men and women .But even in these generations ,there are people who see women as a separate category in which they cant do certain things . Its high time for the women to come out of this nutshell .They should have the real freedom for

everthing .Its not that every time we girls should listen to what the men says or orders. Its our right to do what we want to . If they are not give the freedom they should fight and attain the freedom they should get. Real women are those not with a good attitude but with the power to attain what she wants and who has great standards which men can't stand.Girls or women should

ask for what they deserve....the so called society might say that she is an arrogant female. But we girls should

not keep our ears open to what they say....we fight...we attain...

-Akshara M

Article

## Online Learning

The concept of traditional education has changed radically with the rise of Internet and new technologies. Now a days, due to this covid-19 pandemic with easy access to computers, smartphones and tablets having internet facility, education has entered a new era: the era of online learning. Online classes during the lockdown period has led many people to believe that online education is the future of education.




Online learning enables students to study at their own pace, at their own place without going anywhere. It offers a wide range of courses, a growing number of universities and higher education school are offering online version of their courses for various levels and disciplines in India and abroad. It helps to save money and time and there is no need to travel one place to

another. Since there are fewer students in online classes than traditional classes. Traditional classes allows for better interaction between a student and teacher. It is more cost-effective and affordable as it allows payment in instalment and their for, better budget management.

Traditional learning is better than online learning. Because there are large number of people who do not have internet access and students are unable to attend online classes. There is no face to-face interaction between teacher and student in online classes and there is no understanding between them. Most of students wasting their time in social media and online games. It is very harmful to their eyes as well as their mental health. Due to this covid-19 pandemic, the way of traditional learning completely changed.




-Jyothika PS

Essay

# DURG ABUSE

## ➢ WHAT IS DRUG?

*A drug is any substance that , when absorbed into the body of a living organisms , alters normal bodily condition. Drugs are chemicals that change the way a persons body works by altering emotions and thoughts.*

-

## ➢ WHAT IS DRUG ABUSE?




*Drug abuse may be defined as the habitual use of drugs not needed for therapeutic purpose, solely to alter ones mood, affect of state of consciousness, or to affect a body function unnecessarily. Continued use of drugs can lead to drug dependence, a state of physical and mental dependence. The commonly used drugs are Marijuana, Cocaine, Heroine and alcohol.*

## SIGNS & SYMPTOMS OF DRUG ABUSE

### PHYSICAL WARING

- *Bloodshot eyes*
- *Pupils larger or smaller than usual.*
- *Changes in appetite or sleep patterns.*
- *Sudden weight loss or weight gain.*
- *Deterioration of physical appearance.*
- *Unusual smells on breath.*
- *Impaired coordination.*

### BEHAVEOURAL WARNING

- *Decline in performance*
- *Financial problems*
- *Secretive behaviour*
- *Sudden change in friends and associates*
- *Accident or trouble prone*
- *Lack of motivation and withdrawn.*
- *Unexplained anxiety.*

### ➢ EFFECTS OF DRUG ABUSE

- *Loss of coordination*
- *Poor judgment.*
- *Slowed reflexes.*
- *Distorted vision.*

- *Memory loss.*

## ➢ DRUG DEPENDENCE

**PHYSICAL DEPENDENCE**

*In physical dependence, the body has been altered in ways that create cravings for drug and manifest withdrawal symptoms.*

**MENTAL DEPENDENCE**

*In mental dependence, the individual believes that optimal state of well being is achieved only through the action of drug.*

## ➢ CAUSE OF DRUG ABUSE

- *Unemployment*
- *Financial burden*
- *Socio-civilization culture*
- *Curiosity/ Experimentation*
- *Peer pressure*
- *Addiction*
- *Sexual inudrement.*
- *Failure in exam.*



- *Break-up relationship.*
- *Depression*
- *Illegal relationship, etc*



## ➢ TREATMENT FOR DRUG ADDICTION

- *Hospitalization*
- *Behavioural & occupational therapies*
- *Change in addicts social environment.*

## ➢ PREVENTATION & CONTROL OF DRUG ABUSE

- *Requires knowledge on causes of drug-taking behaviour, sources of illicit drugs, drug laws, treatment programmes, community organizing skills.*
- *Persistence and cooperation of various individual and agencies*
- *Elements of prevention are education , treatment, public policy and law enforcement.*

-Jubymol P Sabu

Poem

## My Dear Mother

To one who bears
the sweetest name,
and adds lustre
to the same,
long life to her,
for there's no other.
who takes the place
of my dear mother.

-Anandha krishna



Essay

## Value of Time

Time is the most valuable thing in life.It has no beginning and end.Things that are born on time ,grown on time and die on time.Time helps us to make a good habit of structoring and organizing our daily activities Time is the most valuable resorce because you can not take it back.How a a student plans their resource determines how well or how badly he will do in his studies.This is why good time management skills are crucial for success in life.Time management is important as it help us to achieve our goals and target in the most efficient and effective manner.Time is very precious and we should not waste it in ways.Everyone must understand that time walks for none.Whether you will like or not the fact is time will never stop.A moment lost is lost for ever.You can not go back and reverse time. A person must be time



conscious.Individuals must keep on eye on the watch.They should certainly be conscious and alert  to passing time.

*Time is free*
*But it is priceless*
*You can't own it*
*But you can use it*
*You can't keep it*
*But you can spend it*
*once you have lost it*
*You can never get -*
*it back*

-Don Jose



Story

## Be grateful always

*A* hunter once lost his wave deep under the jungle while chasing a deer. He used all his navigation skills but neither he did find any way out of the jungle nor could he find any food to eat for 3 days at a stretch. He lost all hope. He thought he will die out of hunger and that is exactly when an apple tree caught his sight. He was so happy. He collected 10-20 apples to feed him for rest of his stretch. As he ate the 1st apple,



His joy knew no bounds and he just couldn't stop feeling grateful and blessed. He thank life and God. He was very happy. He could not believe his luck when he ate the 1st apple. But he was less grateful while having the 2nd and even lesser grateful when had the 5th apple. Somehow with each passing apple the joy kept on

reducing drastically. He just could not enjoy the 10th apple. He even started throwing apples.Which were not tasting good and started complaining. He had already taken for granted the gift of having found an apple tree in the middle of the forest after 3 days of wandering with hunger. So this taking things for granted. The 10 apples represents our lack of appreciation for gift of life. The hunter represents all of us and apple represent the gift that gave us. The 10th apple is as sweet as the 1st apple, If the 10th apples fails to give you as much as the 1st

one there is nothing wrong with the apple but with the person enjoying the fruit. The reason to share the story is we were having the 10th apple effect in the world for some time. Abundance of everything and we started complaining. We complained about people, job, government, traffic, food,whether..... Everything. But during this lock down am sure that most of you started appreciating lot of things in life which we took for granted even small thing like, Oh! its so nice to talk to a human being or glad that we got vegetables today or thank God I am healthy and ate thing like that. We never had these thought 2 months back. The present situation is

shaking us and showing us that we are dependent on something bigger than what we think and we having to be grateful for all the blessings. We started appreciating the luxury we lived in abundance of food, products, freedom... health, good old days. Now we are realising that we were taking it to granted. Right no wall of us have two choice Be grateful or Be stressful and its a choice.

-Grixon Jack Jacob

Article

## Addiction

As we all know that excess use of anything is harmful. Addiction of any kind can hamper the life quality of an individual. It is a family disease if one person get addicted to anything, the whole members of the family will suffer so, addiction is known as a 'family disease'. However it does not mean they can't be helped. It can be helped because addiction is curable. When a person get addicted by something we will say that we can't change his\her



addiction without saying this try to help him\her for their better life.

There is so many kinds of addiction not only drugs. Some of the addictions are food, mobile, gaming, social media, internet etc.... Addictions can cause severe disasters and damages and that it can be negatively impact the addict and also the family or friends. Overcoming addiction is a complicated process. It is a bad habit that harms the well-being of an individual and it is an emerging common and harmful problem developed among youth. Once a person is addicted it is very tough to overcome.

-Abel Sabu

Article

## Don’t Judge A Book By Its Cover

Of times in your life, you must have heard about, ‘Don’t Judge A Book By Its Cover’ it is a phrase. It is self-explanatory. It just not a phrase it has a deep meaning behind it. This phrase means not underestimate anyone based on their looks. In fact, we want to know about that persons character.

Their is many meanings in this phrase. And there is many reasons that why we must never judge a book by its cover. The first one is that we don’t judge a person by their outward appearance. When we judge a person by his\her appearance it should never be the judge of someone’s character. All of us judge a person by their



skin colour, physical traits, and by their fashion. But beyond that we cannot solely make up our mind on their outward appearance. They are basically valueless and things so never judge someone on their face value. The appearance of someone is not equivalent to their worth. So, we must judge a person by their personality and capabilities and not merely their external appearance.

It is very easy to look at people and make quick judgements about them but the reality is something. Frist we try to understand more about them and you have no right to judge a person. I believe that judging by looking the external appearance, by this we perform a tremendous mistake. Don’t judge a person, learn to respect and acknowledge their feelings.

-Devika K Manoj

Story

# The Golden Touch

There once was a king named Midas who did a good deed for a Satyr.And he was then granted a wish by Dionysus, the god of wine.

For his wish, Midas asked that whatever he touched would turn to gold. Despite Dionysus' efforts to prevent it, Midas pleaded that this was a fantastic wish, and so, it was bestowed.



Excited about his newly-earned powers, Midas started touching all kinds of things, turning each item into pure gold.

But soon, Midas became hungry. As he picked up a piece of food, he found he couldn't eat it. It had turned to gold in his hand.

Hungry, Midas groaned, “I’ll starve! Perhaps this was not such an excellent wish after all!”

Seeing his dismay, Midas’ beloved daughter threw her arms around him to comfort him, and she, too, turned to gold. “The golden touch is no blessing,” Midas cried.

-Adithyan Shaji

Poem

## Other Side Of Nature

The clock ticks presently to
make it the other day,
light shows up merely to
remind you that the
days are crossing by
changes take place evidently to
note that you were once different.
Didn't you know or you didn't?
That these days are stretching by
why didn't you stop or make a pause?
Is it because you had faith or hadn't?
Nature kept on warning
but you never bothered,
thinking that money and luxury
can shield you,
it can make you sturdy.
But nature is mounting against you
and if you, not a blind
can see for yourself

-Sara Theresa Sabu

Story

# The Proud Rose

Once upon a time, in a desert far away, there was a rose who was so proud of her beautiful looks. Her only complaint was growing next to an ugly cactus.



Every day, the beautiful rose would insult and mock the cactus on his looks, all while the cactus remained quiet. All the other plants nearby tried to make the rose see sense, but she was too swayed by her own looks.

One scorching summer, the desert became dry, and there was no water left for the plants. The rose quickly began to wilt. Her beautiful petals dried up, losing their lush color.


Looking to the cactus, she saw a sparrow dip his beak into the cactus to drink some water. Though ashamed, the rose asked the cactus if she could have some water. The kind cactus readily agreed, helping them both through the tough summer, as friends.



-Jyothika PS

Poem

## Welcome santa



One, two, three merry leaves left
On a brown hard wood where
tiny white pearl hang.
Ring ding bells laughed ha ha
on a reindeer white beard flew back

Blushing saint laughed and giggled
bidded bye to snowy woods
box in socks sweet and bliss
carried in a red smooth cloth

A more year lord's, more year lord's
Billion sounds welcomed 12' when,
heard again a newborn cry
Riding back on ship of snow,
promise made, will come back next-
with papa's proclaim on eternal love

-Amrutha Saji


മലയാളം

കവിത

## അമ്മയാം ഭൂമി

വിണ്ണിൽ വിരാജിക്കും
കാർമേഘമേ ആകാശ മാറിൽ നീ മയങ്ങുകയോ
ഉണർന്നു നിൻ ജാലകം തുറന്നിടുകിൽ പൂരിതമാം എൻ
അന്തഃരംഗം.

പക്ഷിമൃഗാദികൾ
തരുനിരകൾ മാനവരും
ജല ജീവികളും
ദാഹജലത്തിനായ്
കേട്ടിണിടുന്നു
കേൾക്കണേ മക്കൾതൻ
രോദനങ്ങൾ




വറ്റിവരണ്ടു ജലാശയങ്ങൾ
വാടിത്തളരുന്നു എന്റെ മക്കൾ ഉള്ളം പിളർക്കുമീ കാഴ്ച
കണ്ട് എൻ മനം നീറിപ്പുകഞ്ഞിടുന്നു.
മഴമേഘങ്ങൾ രോദനം കേട്ടക്ഷണം ഓർക്കുന്നു തന്റെ
ഉറവിടത്തെ പിന്നെ മടിച്ചില്ല തന്റെ ദൗത്യം ഭൂവിൽ
പതിയുക ഒന്നു മാത്രം

മണ്ണിൽ പതിച്ച മണിമുത്തുകളെ ആവോളം ഉൾക്കൊണ്ടു
ജീവജാലംയാതന തീർന്നൊരാ കാഴ്ചകണ്ട് അമ്മയാം
ഭൂമിതൻ മനം കുളിർത്തു.

കവിത

## നഷ്ട സ്വപ്നങ്ങൾ

ഒന്നു ഞാൻ കൊതിക്കുന്നു
ഭൂമിയേ, നിൻ പച്ചപരവതാനിയിൽ
ഒന്നുറങ്ങാൻ,
നിൻ കരച്ചിലിൽ ഒന്ന് നനയാൻ,
പക്ഷെ,ഇന്നെനിക്കിടമില്ല,
നിൻ സൗന്ദര്യം കാണുവാൻ.



ഇവിടമാകെ, തിരികെ മടങ്ങുന്ന
സന്ധ്യപോൽ,
കാലത്തിൻ വേഗം, നിന്നെ ഇന്നിന്റെ

നെറുകയിൽ പ്രതിഷ്ഠിച്ചിരിക്കുന്നു.
ജ്വാല സൂര്യനായ് ജ്വലിച്ച നിൻ മിഴികൾ,ഇന്ന്
അന്ധകാരത്തിന്റെ
ഏകാന്ധതയിൽ ഏകനായ്

നിൻ ഉണർന്ന മുഖവും, പൂവിട്ട വസന്തവും
കാട്ടുതീയാൽ കത്തിയമർന്നിരിക്കുന്നു.
ജീവിതചക്രമുരുട്ടാനായ്
ഓട്ടപാച്ചിലിനിടയിലവർ,
നിൻ വർണ്ണ സ്വപ്നങ്ങളെ,
വസതിയായ് പണികഴിപ്പിച്ചിരിക്കുന്നു.
ഭാവിയിൽ എരിതീയിൽ അണച്ചവർ,
എന്തെന്നറിയാതെ, കളിപ്പാവപോൽ,

നിൻ മൃതശരീരത്തിലൂടെ ഓടിപ്പായുന്നു.
ഇനിയും ഞാൻ കൊതിക്കുന്നു
ഭൂമിയേ.....
നിൻ മടിയിൽ ഒന്നു തലചായ്ക്കാൻ......

– ജ്യോതിക പി.എസ്

ലേഖനം

# ഗണിതവും ചിത്രകലയും

ഗണിതവും ചിത്രകലയും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ? ഗണിതത്തിന് ചിത്രകലയുമായി മാത്രമല്ല വാസ്തുവിദ്യയോടും സംഗീതത്തോടും, മറ്റു വിവിധ കലാരൂപങ്ങളോടും ; നമ്മുടെ ഈ പ്രപഞ്ചത്തോടും ബന്ധമുണ്ട്.




ശില്പികളും കലാകാരന്മാരും ഒരുപോലെ പ്രാധാന്യം നൽകുന്നതും; ഈ സൃഷ്ടി ജാലം തന്നെ പിന്തുടരുന്നതും ; 'ദൈവത്തിന്റെ സംഖ്യ' എന്ന് വിശേഷിക്കപ്പെടുന്നതുമായ ഒരു സംഖ്യ ഉണ്ട്. 1.618034 ആണ് ആ സംഖ്യ . ഈ സംഖ്യക്ക് ഇത്രയധികം പ്രത്യേകതകൾ വരുവാൻ ഒരു കാരണമുണ്ട്. നിങ്ങളെല്ലാവരും കേട്ടിട്ടുണ്ടാകുവാൻ സാധ്യതയുള്ള ഒരു ശ്രേണിയാണ് ഫിബിനോച്ചി ശ്രേണി (Fibonacci

Sequence). 1202 ൽ ഫിബിനോച്ചി തന്റെ ഒരു പുസ്തകത്തിലൂടെ ഈ ശ്രേണി അവതരിപ്പിച്ചതായി കരുതപ്പെടുന്നു. എന്നാൽ ഫിബിനോച്ചി ഈ ശ്രേണി അവതരിപ്പിക്കുന്നതിനും ആയിരം വർഷങ്ങൾക്കു മുൻപേ ഇന്ത്യൻ ഗണിത ശാസ്ത്രപണ്ഡിത്മാർ ഈ ശ്രേണി കണ്ടെത്തിയിരുന്നു എന്നും പറയപ്പെടുന്നുണ്ട്. പൂജ്യത്തിൽ തുടങ്ങി അനന്തത (Infinity) വരെ നീളുന്ന ഈ ശ്രേണിയിലെ ആദ്യത്തെ രണ്ടു പദങ്ങൾ പൂജ്യവും ഒന്നും ആണ്. ഈ ശ്രേണിയിൽ ആദ്യത്തെ രണ്ടു പദങ്ങളുടെ തുക (Sum) യാണ് മൂന്നാമത്തെ പദമായി വരുന്നത്. അതായത് 0+1= 1.

ഇനി നമുക്ക് സുവർണ്ണ അനുപാതം (Golden Ratio) എന്താണെന്നു നോക്കാം. രണ്ട് സംഖ്യകൾ തമ്മിലുള്ള ബന്ധത്തെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന ഒരു ഗണിത ശാസ്ത്ര വാക്യമാണ് സുവർണ്ണ അനുപാതം (Golden Ratio). സുവർണ്ണ അനുപാതത്തെ സൂചിപ്പിക്കാൻ നാം ഗ്രീക്ക് അക്ഷരമായ ഫൈ ആണ് ഉപയോഗിക്കാറുള്ളത്. രണ്ട് സംഖ്യകൾ സുവർണ്ണ അനുപാതത്തിലാണെങ്കിൽ അവ തമ്മിലുള്ള അനുപാതം 1.618034 ആയിരിക്കും.

ഉദാഹരണത്തിന്,'a'യും 'b'യും സുവർണ്ണ അനുപാതത്തിലുള്ള രണ്ട് സംഖ്യകളാണെന്ന് സങ്കൽപ്പിക്കുക

കൂടാതെ, 'b' എന്നത് 'a'നെക്കാൾ കുറവാണെങ്കിൽ;

a/b=a+b/a


അതായത് a+b:a=a:b ആയിരിക്കും.

ഇനി നമുക്ക് ഫിബിനോച്ചി ശ്രേണിയിൽ അടുത്തടുത്ത രണ്ടു സംഖ്യകളുടെഅനുപാതം നോക്കാം.ഫിബിനോച്ചി ശ്രേണിയിലെ അഞ്ചാമത്തെ പദമായ മൂന്നും

നാലാമത്തെ പദമായ രണ്ടും തമ്മിലുള്ള അനുപാതം 3/2=1.5 ആണ്.ഇതേ ശ്രേണിയിലെ തന്നെ ആറാമത്തെ പദമായ അഞ്ചും അഞ്ചാമത്തെ പദമായ മൂന്നും തമ്മിലുള്ള അനുപാതം 5÷3 = 1.666 ആണ്.


ഇനി നമുക്ക് ഫിബിനോച്ചി ശ്രേണിയിൽ അടുത്തടുത്ത രണ്ടു സംഖ്യകളുടെ അനുപാതം നോക്കാം. ഫിബിനോച്ചി ശ്രേണിയിലെ അഞ്ചാമത്തെ പദമായ മൂന്നും നാലാമത്തെ പദമായ രണ്ടും തമ്മിലുള്ള അനുപാതം 3÷2=1.5 ആണ്. ഇതേ ശ്രേണിയിലെ തന്നെ ആറാമത്തെ പദമായ അഞ്ചും അഞ്ചാമത്തെ പദമായ മൂന്നും തമ്മിലുള്ള അനുപാതം 5÷3 = 1.666 ആണ്. ഇങ്ങനെ ഫിബിനോച്ചി ശ്രേണിയിൽ അടുത്തടുത്ത സംഖ്യകളുടെ അനുപാതം കാണുന്ന സമയത്ത് അവ സുവർണ്ണ അനുപാതത്തോട് വളരെ അടുത്തു നിൽക്കുന്നതായി കാണുവാൻ സാധിക്കും. ചരിത്രത്തിലെ തന്നെ മഹാന്മാരായ പല വ്യക്തികളുടെയും സൃഷ്ടികളിൽ നമ്മുക്ക് സുവർണ്ണ അനുപാതം കാണുവാൻ കഴിയുന്നതാണ്.പാർഥെനോൺ (Parthenon) എന്ന പുരാതന ഗ്രീക്ക് ക്ഷേത്രം പ്രശസ്തനായ ഗ്രീക്ക് ചിന്തകനായ പ്ലേറ്റോയുടെ നേതൃത്വത്തിൽ സുവർണ്ണ അനുപാതത്തിന് അനുസരിച്ച് പണി കഴിപ്പിച്ചിട്ടുള്ളതാണ്. ഇന്ത്യയുടെ അഭിമാനമായ, 7 ലോകാത്ഭുതങ്ങളിൽ ഒന്നായ; താജ്മഹലിന്റെ നിർമ്മിതിയിലും നമ്മുക്ക് സുവർണ്ണ അനുപാതം കാണുവാൻ സാധിക്കുന്നതാണ്

ലിയോനാർഡോ ഡാവിഞ്ചിയുടെ എല്ലാ ചിത്രങ്ങളും തന്നെ വളരെ പ്രശസ്തമാണ്. അദ്ദേഹത്തിൻറെ സൃഷ്ടികളിൽ എല്ലാം സുവർണ്ണ അനുപാതം ഉൾപ്പെടുത്തിയിരുന്നു. ലോകപ്രശസ്തമായ ചിത്രങ്ങളായ മോണാലിസ (Mona Lisa), ദി ലാസ്റ്റ് സപ്പർ (The Last Supper), ദി ഗ്രേറ്റ് വേവ് ഓഫ് കനഗാവ (The Great Wave Off kanagawa) എന്നീ ചിത്രങ്ങളെല്ലാം സുവർണ്ണ അനുപാതത്തിന് അനുസരിച്ചാണ് വരച്ചിട്ടുള്ളത്.ലോകപ്രസിദ്ധ സംഗീതജ്ഞരായ ബീഥോവൻ മൊസാർട്ട്, ജോഹാൻ സെബാസ്റ്റ്യൻ ബാച്ച്, ഫ്രെഡറിക് ചോപിൻ, ക്ലോസ് ഡെബസ്സി എന്നിവരുടെയെല്ലാം സംഗീതത്തിൽ നമ്മുക്ക് സുവർണ്ണ അനുപാതം കാണുവാൻ സാധിക്കും.ശാസ്ത്രജ്ഞന്മാർ പറയുന്നത് കലാസൃഷ്ടികൾ സുവർണ്ണ അനുപാതത്തിന് അനുസരിച്ചായാൽ അവ മനുഷ്യനേത്രങ്ങൾക്ക് വളരെ മനോഹരവും ആകർഷകവുമായി തോന്നും എന്നാണ്. ഇതുകൊണ്ടാണ് ചിത്രകാരന്മാരും ശില്പികളും കലാകാരന്മാരും അവരുടെ സൃഷ്ടി സുവർണ്ണ അനുപാതത്തിന് അനുസരിച്ച് നിർമ്മിച്ച് മനോഹരമാക്കുന്നത്. നാം വസിക്കുന്ന നമ്മുടെ പ്രകൃതിയിലും നമ്മുക്ക് സുവർണ്ണ അനുപാതം



കാണുവാൻ സാധിക്കും. 1498 ൽ ഡാവിഞ്ചി തന്റെ ഗണിതശാസ്ത്ര പുസ്തകമായ 'Divina proportione' (ദൈവിക അനുപാതം എന്ന് അർത്ഥം വരുന്നു). മനുഷ്യശരീരത്തിൽ കണ്ടുവരുന്ന സുവർണ്ണ അനുപാതത്തെ കുറിച്ച് വിവരിക്കുന്നുണ്ട് ഒച്ചുകളുടെ പുറംതോടിലും പൂവിന്റെ ഇതളുകളുടെ ക്രമീകരണത്തിലും; ചുഴലിക്കാറ്റിന്റെ രൂപീകരണത്തിലും മനുഷ്യ ശരീരത്തിലെ ഡി.എൻ.എ (DNA)യിൽ പോലും നമ്മുക്ക് സുവർണ്ണ അനുപാതം കാണുവാൻ സാധിക്കും.വളരെ പ്രശസ്തമായ ആപ്പിൾ കമ്പനിയുടെ ലോഗോയിലും നമ്മുക്ക് സുവർണ്ണ അനുപാതം കാണുവാൻ സാധിക്കും. ഈ പ്രപഞ്ചത്തിന്റെ എന്തിലും എവിടെയും സുവർണ്ണ അനുപാതം ഉണ്ട്. ഇങ്ങനെയൊക്കയാണ് ഗണിതശാസ്ത്രം ചിത്രകലയുമായും മറ്റു വിവിധ കലാരൂപങ്ങളായും ബന്ധപ്പെട്ടിരിക്കുന്നത്.

-നെവിൻ പ്രമോദ്



# കടങ്കഥകൾ




1. ഞെട്ടില്ല വട്ടയില?
ഉത്തരം : പപ്പടം

2. മുള്ളുണ്ട് മുരിക്കല്ല, കൈപ്പുണ്ട് കാഞ്ഞിരമല്ല?
ഉത്തരം : പാവയ്ക്ക

3. ആനയിലുണ്ട് ചേനയിലില്ല, ഇമയിലുണ്ട് ഇഷ്ടത്തിലില്ല. രണ്ട് അക്ഷരമുള്ള ഞാനാര്?
ഉത്തരം : ആമ

4. അമ്മയെ കുത്തി മകൻ മരിച്ച?
ഉത്തരം : തീപ്പെട്ടി

5. കിക്കിലുക്കം കിലുകിലുക്കം ഉത്തരത്തിൽ ചത്തിരിക്കും?
ഉത്തരം : താക്കോൽ കൂട്ടം

6. ചെടി ചെടിയിന്മേൽ കായ് കായ്യിന്മേൽ ചെടി.
ഉത്തരം : കൈതച്ചക്ക

7. മുറ്റത്തെ ചെപ്പിനു അടപ്പില്ല?
ഉത്തരം : കിണർ

8. അങ്ങോട്ടോട്ടും ഇങ്ങോട്ടോട്ടും, നേരെ നിന്ന് സത്യം പറയും?
ഉത്തരം : ത്രാസ്സ്
9. മാനത്തെ മുട്ടയ്ക്ക് പിടിക്കാൻ ഞെട്ടില്ല

ഉത്തരം :ചന്ദ്രൻ




10. അകത്തുനിന്ന് നോക്കി കാണുന്നതെല്ലാം ഉള്ളിലാക്കും
ഉത്തരം : ക്യാമറ
11. കറുത്ത പാറക്ക് വെളുത്ത വേര്
ഉത്തരം : ആനക്കൊമ്പ്
12. ജീരകം പൊതിയാൻ ഇലയില്ല പക്ഷേ ആനയെ തളക്കാൻ തടിയുണ്ട്
ഉത്തരം : പുളിമരം
13. വായില്ല നാക്കുണ്ട് നാക്കിന്മേൽ പല്ലുണ്ട്
ഉത്തരം : ചിരവ
14. വട്ടത്തിൽ ചവിട്ടിയാൽ നീളത്തിൽ ഓടും
ഉത്തരം :സൈക്കിൾ
15. വാലില്ലാത്ത അമ്മയ്ക്ക് വാലുള്ള മക്കൾ

ഉത്തരം : തവള

16. ആയിരം കണ്ണൻ ആറ്റിൽ ചാടി
ഉത്തരം : വല
17. രണ്ട് തോടിന് ഒരു പാലം
ഉത്തരം :മൂക്ക്
18. അക്കരെ നിൽക്കും തുഞ്ചാണി ഇക്കരെ നിൽക്കും തുഞ്ചാണി കൂട്ടിമുട്ടും തുഞ്ചാണി
ഉത്തരം : കൺപോള
19. ഓടും കുതിര ചാടും കുതിര വെള്ളം കണ്ടാൽ നിൽക്കും കുതിര
ഉത്തരം : ചെരുപ്പ്
20. ആനകേറാമല ആടുകേറാമല ആയിരം കാന്താരി പൂത്തിറങ്ങി
ഉത്തരം : നക്ഷത്രം

–Josmy Joseph

ലേഖനം


## സാഹിത്യസൃഷ്ടികളും ചാവറയച്ചനും



കാലത്തിനു മുമ്പ് നടന്നുനീങ്ങിയ ഉജ്ജ്വലം ആയ ഒരു ജ്യോതിസാറായിരുന്നു ചാവറയച്ചൻ മനുഷ്യ നന്മയ്ക്ക് വേണ്ടി ചെയ്തിട്ടുള്ള നിസ്തുലമായ സേവനങ്ങളുടെ ആഴവും വ്യാപ്തിയും അദ്ദേഹത്തിൻറെ കൃതികളിൽ ഉടനീളം നിഴലിക്കുന്നു ദൈവം നൽകിയ താലന്തുകളെ മഹത്വത്തെ പ്രതി പ്രയോജനപ്പെടുത്തിയവൻ .ഇന്നത്തെപോലെ മലയാളഭാഷ വളർന്നിട്ടില്ലാത്ത കാലത്ത് സാഹിത്യ സരണി വേണ്ടത്ര ജനസഞ്ചാരം ഇല്ലാതെ ഒഴിഞ്ഞുകിടന്ന കാലഘട്ടത്തിൽ ദൈവം നൽകിയ സിദ്ധികളെ എഴുതുവാൻ ഉണ്ടായിരുന്ന തന്റെ എളിയ കഴിവ് പോലും ചാവറയച്ചൻ വിനിയോഗിച്ചു .1862 ൽ മാന്നാനത്ത് സ്ഥാപിച്ച പ്രസിൽ നിന്നാണ് മലയാളത്തിലെ ഏറ്റവും പഴക്കമുള്ള ദീപിക പത്രം 1887 ഇൽ നസ്രാണിദീപിക എന്ന പേരിൽ പ്രസിദ്ധമായത്. ആത്മാനുതാപം മരണവീട്ടിൽ പാടാനുള്ള പാന ,ചാവരുൾ, ധ്യാന സല്ലാപങ്ങൾ അനസ്ത്യാ യുടെ രക്തസാക്ഷ്യം, ഒരു കത്ത്, ട്രൂക്കാസാ ധ്യാനം, പ്രാർത്ഥന പുസ്തകം ,40 മണി ആരാധനക്രമം, ദുഃഖ

ശനിയാഴ്ച ക്രമം, മാതാവിന്റെ ചെറിയ ഒപ്പീസ് തുടങ്ങിയ പ്രസിദ്ധീകരിച്ചതും അല്ലാത്തതുമായ ചാവറയച്ചന്റെ കൃതികളെ ഭാഷയിലുള്ള നൈപുണ്യത്തെ ക്കാളേറെ മറ്റുള്ളവർക്ക് നന്മ ചെയ്യാനുള്ള ഉപകരണങ്ങളാക്കി അദ്ദേഹം മാറ്റി. സ്വയം സ്തുതിക്കോ പ്രശംസക്കോ തന്റെ രചനകൾ ഉപയോഗിച്ചില്ല .സന്യാസാവ്രതിക്കുള്ളിൽ ആയിരുന്നതുകൊണ്ട് തന്റെ സാധ്യതകളെ സഹജീവികൾക്ക് നൽകി. ലത്തീനിൽ നിന്നും സുറിയാനിയിൽ നിന്നും തമിഴിൽ നിന്നും ഞാൻ മലയാളത്തിലേക്ക് തർജ്ജിമ ചെയ്യത് ഇല്ലാത്ത പാഠവം ഉണ്ടാക്കിയാണ് എന്നും വിശുദ്ധാൻ പറയുന്നു . മറ്റുള്ളവരുടെ നന്മയാണ് ചാവറയച്ചൻ ഉന്നം വെച്ചത് .അതുകൊണ്ട് നമ്മുടെ കഴിവുകൾ എന്തായിരുന്നാലും മറ്റുള്ളവർക്കുവേണ്ടി മടികൂടാതെ ചെലവഴിക്കാൻ ശ്രദ്ധിക്കണം .ദൈവത്തെ അറിയുന്നതും അനുഭവിക്കുന്നതും ആണ് ജ്ഞാനം. അജ്ഞാനി കളുടെ ശാസ്ത്രഗ്രന്ഥങ്ങൾ പോലും അജ്ഞത വിളമ്പുന്നു. വഴിപിഴപ്പിക്കുന്ന ചീത്ത പുസ്തകങ്ങൾ വീട്ടിൽ കയറ്റുന്നതും വീട്ടിൽ സൂക്ഷിക്കുന്നതും വൈക്കോലിൽ തീ ഒളിച്ചു വയ്ക്കുന്നതിന് സമം ആവുന്നു .നല്ല ഗ്രന്ഥങ്ങൾ നല്ല സമ്പാദ്യങ്ങൾ ആണ്. നിക്ഷേപങ്ങളാണ് ശരിയായ ജ്ഞാനത്തെ ഉളവാക്കുന്ന വർദ്ധിപ്പിക്കുന്ന ദൈവഭക്തിയെ വർധിപ്പിക്കുന്ന വിജ്ഞാന ഗ്രന്ഥങ്ങളും തത്വ ശാസ്ത്ര ഗ്രന്ഥങ്ങളും കുടുംബത്തിൻറെ

മുതൽക്കൂട്ടായി ഇരിക്കട്ടെ എന്ന ഉദ്ദേശത്തോടെ തൻറെ തൂലിക ചലിപ്പിച്ചു .വാക്കുകൾ വ്യക്തിത്വത്തിലേക്കുള്ള താക്കോലുകൾ ആണല്ലോ .രേഖപ്പെടുത്തുന്ന വാക്കുകൾ ഒരാൾ കാലത്തിലേക്ക് നിക്ഷേപിക്കുന്ന  വ്യക്തിത്വാംശങ്ങൾ തന്നെയെന്ന് വിവക്ഷിക്കാം .മഹത് വ്യക്തികളുടെ




രചനകൾ വായിക്കുമ്പോൾ അതിൽ രചയിതാക്കളുടെ ഹൃദയവും സ്പന്ദിക്കുന്നു ഉണ്ട് അതുകൊണ്ട് ഒരു വിശുദ്ധ ന്റെ  കുറെ കത്തുകളും സാഹിത്യസൃഷ്ടികളും നാം വിലയിരുത്തുമ്പോൾ മനസ്സിലാക്കേണ്ട വസ്തുത ഒരു പുണ്യ മാവിൻറെ വ്യക്തിത്വം ആ കാലഘട്ടത്തിലേക്കും ഉൾപ്രവേശിക്കാനുള്ള തെളിച്ചം നൽകുന്ന മാർഗ്ഗം മെന്നാണ്.

ഒരു സന്യാസി വൈദികൻ സാഹിത്യരചനയിൽ ഏർപ്പെടുമ്പോൾ ആധ്യാത്മികതയുടെ അതിരുകൾക്കുള്ളിൽ വരച്ച ഇടാവുന്ന ഒരു വ്യക്തിത്വത്തെ ആകാം നാം സാധാരണ പ്രതീക്ഷിക്കുക. സാമൂഹിക സാംസ്കാരിക വിദ്യാഭ്യാസ മണ്ഡലങ്ങളിലേക്കും ശാഖകൾ വിരിയിച്ച ദർശനപരമായ രചനകളായിരുന്നു ചാവറ അച്ചന്റേത്.ചാവറയച്ചന്റെ വ്യക്തിത്വത്തെ അറിയുവാൻ നാം ശ്രമിക്കുമ്പോൾ ഒരു കാലഘട്ടത്തെ അറിയുകകൂടിയാണ് നാം ചെയ്യുക.

*1805* ഫെബ്രുവരി *10*ന് കുട്ടനാട്ടിലെ കൈനകരി കുടുംബത്തിൽ ഭൂജാതനായ് ഏലിയാസച്ചൻ ചെറുപ്പത്തിലേതന്നെ അസാധാരണനായ ഒരു കുട്ടിയായി കാണപ്പെട്ടു .ദൈവത്തിൻറെ മുദ്ര വയ്ക്കപ്പെട്ട വ്യക്തിയായിരുന്നു ചാവറയച്ചൻ ,ദൈവീക ജ്ഞാനവും സ്പർശവും ലഭിച്ച അനിതരസാധാരണമായ വ്യക്തിവൈശിഷ്ട്യം തിളങ്ങിവിളങ്ങിയിരുന്ന കൊച്ചു കുര്യാക്കോസ് ചെറുപ്പത്തിലേതന്നെ പ്രതീക്ഷിക്കാനാവാത്ത ദൃഢതയോടെ വീട്ടിൽനിന്ന് സെമിനാരിയിലേക്ക് യാത്രതിരിച്ചു തന്റെ കുടുംബത്തിൽനിന്ന് ലഭിക്കാവുന്ന ധനമോ വീടോ എല്ലാം വേണ്ടെന്നുവെച്ച് ശക്തമായ ബലപ്രയോഗങ്ങളയും നിബന്ധനകളെയും നിർബാധം മറികടന്ന് തന്റെ ദൈവവിളിയിൽ ഉറച്ചു നിന്നു. കൊച്ചു കുര്യാക്കോസിനെ അൾത്താര വണക്കത്തിന് ദൈവം

അടയാളപ്പെടുത്തി വിശുദ്ധ ചാവറയച്ചൻ ചരിത്രാംശമുള്ള തും സ്വന്തം കൈപ്പടയിൽ എഴുതിച്ചേർക്കപ്പെട്ടതുമായ കൃതികളിലൂടെയുള്ള അവലോകനം ആ മഹത് വ്യക്തിയുടെ ആധ്യാത്മികതയും ഭൗതികതയും സമ്മേളിച്ച കൊണ്ടുള്ള സർഗാത്മ സൃഷ്ടികൾ നമ്മുക്കും പ്രചോദനാത്മക മാണ്.

അതുല്യമായ ദൈവം ആശ്രയ ബോധവും അത്ഭുതകരമായ കർമശേഷിയും ഉണ്ടായിരുന്ന ചാവറയച്ചൻ തൻറെ കഴിവ് മുഴുവനും പ്രകടമാക്കാൻ വിനിയോഗിച്ച



മാധ്യമമാണ് അദ്ദേഹത്തിൻറെ രചനകൾ. ആത്മീയം ,സാമൂഹികം, സാംസ്കാരികം എന്ന് ഇങ്ങനെ വേർതിരിച്ചായിരുന്നല്ല് അദ്ദേഹത്തിൻറെ സൃഷ്ടികൾ .എല്ലാ സൃഷ്ടികളുടെയും പിന്നിലെ ലക്ഷ്യം ദൈവ ചിന്തയുടെ പ്രവാഹമായിരുന്നു. അച്ചുകൂടം സ്ഥാപിച്ചപ്പോഴും പള്ളിയോട് ചേർന്ന് പള്ളിക്കൂടം നിർമ്മിച്ചപ്പോഴും അനാഥശാലകൾ പണിതെടുത്തപ്പോഴുമെല്ലാം ഈ കർമ്മയോഗിയിൽ ദൈവത്തോടുള്ള പരമമായ പ്രേമം

ഒന്നുമാത്രം ആണ് നിഴലിച്ചത്. ചാവറ അച്ഛന് തൂലിക ഒര് അവയവം പോലെ ആയിരുന്നു, ഇന്നത്തെ പോലെ വാട്സ്ആപ്പ്,ഇന്റർനെറ്റ് ഇല്ലാത്ത ആ കാലഘട്ടത്തിലും കർമ്മനിരതനായിരുന്ന ചാവറയച്ചൻ. എങ്കിലും ആശയവിനിമയത്തിനുള്ള മാർഗ്ഗമായി അദ്ദേഹം സ്വീകരിച്ചത് നേരിട്ടോ കത്തോ മാത്രം ആയിരുന്നു .86 കത്തുകൾ ചാവറയച്ചൻ എഴുതിയിട്ടുണ്ടെന്ന് നാം തിരിച്ചറിഞ്ഞിട്ടുണ്ട്. പാവങ്ങളോടുള്ള പരിഗണന പ്രതിസന്ധിഘട്ടത്തിലുള്ള ദൈവത്തിലുള്ള ഉറച്ച വിശ്വാസം ,ആശ്രയത്വം ആത്മീയ ഉല്ർക്കർ ഷത്തിത്തിനായുള്ള അഭിനിവേശം ഇവയെല്ലാം അച്ഛൻറെ എഴുത്തുകളിൽ നിഴലിച്ചിരുന്നു നസ്ത്യായുടെ രക്തസാക്ഷ്യം എന്ന കൃതിയിൽ ആകട്ടെ ചാവറയച്ചൻ വൈദേശിക രൂപങ്ങളെ മാതൃകയാക്കി തൻറെ സാഹിത്യ രചനകളിലൂടെ അദ്ദേഹം ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ ജീവിക്കുന്ന നമുക്ക് പ്രകാശം നൽകുന്ന നല്ല രചനകൾ രൂപപ്പെടുത്തുനാൻ ഉൾപ്രേരണ നൽകി, ഓ ദൈവസ്നേഹാഗ്നിയിൽ ജ്വലിക്കുന്ന ആത്മീയതുടുപ്പു കളുടെ ഹൃദയസ്പന്ദനവും അതീവ വാത്സല്യവും തൻറെ കൃതികളിലൂടെ പിതാവ് വർണ്ണിക്കുന്നു. ജീവിതം പവിത്രമാക്കി ആധുനിക നൂറ്റാണ്ടിൻറെ ശക്തി സ്രോതസ്സായി വിരാജിക്കുന്ന ചാവറ യച്ചന്റെ കൃതികൾ ഇന്നും അനശ്വരമായി നിലകൊള്ളുന്നതിൽ അഭിമാനിക്കാം. അറിവിനെ

ദിവ്യതേജസ്സാ ക്കി മാറ്റിയ ചാവറയച്ചന്റെ  വിശുദ്ധി
നമുക്കും  ലഭിക്കാൻ പ്രാർത്ഥനയിൽ ശരണപ്പെടാം.
നമ്മുടെ തൂലിക ചലിപ്പിച്ച നമുക്കും
പ്രവർത്തനനിരതരാകാം.

–ആകാശ് ഇ.എസ്

## കവിത

# ഹൃദയത്തിനു നേരെ...

മനുഷ്യൻ, അവൻ സ്നേഹമെന്ന സന്ദേശം
ദൈവകരങ്ങളാൽ ഹൃദയത്തിൽ ചാർത്തിയവൻ
ഒരിക്കൽ അവന്റെ വരവാൽ
പ്രകൃതി മന്ദസ്മിതം തൂവി, പുഴകൾ നിറഞ്ഞൊഴുകി
ഒരിക്കലും വറ്റാത്ത സ്നേഹ സമുദ്രത്തെ
ഹൃദയത്തിൽ ഏറ്റുന്നവൻ, മനുഷ്യൻ.
കാലങ്ങൾ കടന്നു, പല വീഥികൾ താണ്ടി
നാട് മറഞ്ഞു , നന്മകൾ മാഞ്ഞു
സ്നേഹം മാറി , മനുഷ്യനും മാറി.
അവൻ ആ സ്നേഹസന്ദേശത്തിന്
ഹൃദയത്തിൽ കുഴിമാടമൊരുക്കി..!
അവന്റെ മാറ്റം പ്രകൃതിയുടെ
മന്ദസ്മിതത്തെ
നിർദയം തല്ലിക്കെടുത്തി!
അവന്റെ വരവിൽ പുഴകൾ
നിശ്ചലരായി



കിളികൾ നിശബ്ദരായി !
മനുഷ്യൻ മാറിത്തുടങ്ങി.
അവൻ തനിക്ക് ദാനമായി ലഭിച്ച
ഭൂമിയുടെ ഉടമയാവാൻ ശ്രമിച്ചു.

അവൻ, തന്റെ അമ്മയായ പ്രകൃതിയെ
തന്റെ അടിമയാക്കി ...!
അവന്റെ സ്വാർത്ഥ ലാഭത്തിനായി
അവൻ പ്രകൃതിയുടെ ഹൃദയത്തിനു നേരെ
കത്തി ചൂണ്ടി.!
പതിയെ.....
മലയെല്ലാം മണ്ണായി.....!
മരങ്ങൾ വെണ്ണീറായി......!
മനുഷ്യൻ തന്റെ അമ്മയെ
പണത്തിനായി വിറ്റഴിച്ചു....!
അവൻ സൂര്യനേയും ചന്ദ്രനേയും മറന്നു...
സ്വന്തം ജീവനെ അവൻ
അറിയാതെ തന്നെ ഇരുട്ടിന്റെ തടവറയിലാക്കി.

അന്ന് ഭൂമിക്കു നേരെ കത്തി ചൂണ്ടിയപ്പോൾ
അവൻ ഒരു സത്യം വിസ്മരിച്ചിരുന്നു.
അവന്റെ ജീവൻ പ്രകൃതിയുടെ
ഹൃദയത്തിലായിരുന്നുവെന്ന്......
അവന്റെ ജീവൻ പ്രകൃതിയുടെ
ദാനമായിരുന്നുവെന്ന്..........

–ആകാശ് ഇ.എസ്

# വൈജ്ഞാനികം

## കോവിഡ്-19




2020-2021 കാലഘട്ടത്തിൽ ലോകത്തെയാകെ ഭീതിയിലാഴ്ത്തിയതും ഇന്നും ഭയാനകമായി തുടരുന്നതുമായ ഒരു മഹാമാരിയാണ് കോവിഡ്-19. 2019 ൽ ചൈനയിലെ വുഹാനിലാണ് കൊറോണ വൈറസ് ആദ്യമായി പ്രത്യക്ഷപ്പെട്ടത്. കൊറോണ വൈറസ് ഡിസീസ് എന്നതിന്റെ ചുരുക്കെഴുത്താണ് കോവിഡ്-19. ഈ മഹമാരി എല്ലാരംഗത്തും ഒരുപാട്ടു മറ്റങ്ങൾ വരുത്തിയിട്ടുണ്ട്. സ്കൂളിൽ പോകൻ കുട്ടികൾ മടിച്ചിരുന്ന ഒരു കലം പണ്ട് ഉണ്ടായിരുന്നു. കോവിഡ് എത്തിയടെ കുട്ടികൾ സ്കൂളിൽ എത്തേണ്ടതില്ല എന്ന ഒരു വ്യവസ്ഥ നിലവിൽ വന്നു. ഇതുമൂലം കുട്ടികൾ ഓൺലൈൻ പഠനത്തിലേക്ക് മാറി. പാപുസ്തങ്ങളിലൂടെ ലഭിക്കുന്ന അറിവിനപ്പുറം വിവര സാങ്കേതിക വിദ്യയേകുറിച്ചും അവർക്ക് അറിവുനേടാൻ കഴിഞ്ഞു.എതണ്ട് ഒന്നര വർഷം പിന്നിടാറായപ്പോഴാണു ഓൺലൈൻ

പഠനത്തിലൂടെ,സ്കൂളിൽ തങ്ങൾക്ക് ലഭിരുന്ന അധ്യാപകരും കൂട്ടുകാരുമൊത്തുള്ള സന്തോഷങ്ങൾ നഷ്ടമായി എന്ന് തിരിച്ചറിയുന്നത്.2021-ൽ സ്കൂൾ ഭഗികമായി തുറക്കുന്നതിന് ഗവൺമെന്റ് തീരുമനങ്ങൾ എടുത്തതിന് പിന്നാലെ കുട്ടികൾക്ക് സ്കൂളിലെത്താനുള്ള തിടുക്കമായി. അധ്യാപകരും

ഏതാണ്ട് ഇതേ അവസ്ഥയിലായിരുന്നു. സ്കൂളിലെത്താനുള്ള അദ്ധ്യാപകരുടെയും വിദ്യർത്ഥികളുടെയും കാത്തിരിപ്പിനു വിരമിട്ടുകൊണ്ട് 2021 നവംബർ ഒന്നിന് കേരളപ്പിറവി ദിനത്തിൽ സ്കൂൾ തുറക്കുകയായി. ഇന്ന്,സാമൂഹിക അകലം പാലിച്ച് സുഹൃത്തുക്കളോടും അധ്യാപകരോടുമൊത്ത് എല്ലാ കുട്ടികളും ഉന്മേഷഭരിതരായി സ്കൂളിലെത്തി തങ്ങളുടെ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നു. കൊവിഡ് മഹാമാരി എത്തിയതോടുകൂടി സ്കൂളിൽ പോകുന്നതിനെ വെറുത്തിരുന്ന കുട്ടികൾക്ക് സ്കൂളിലെത്തുന്നതിന്റെ മഹത്വം തിരിച്ചറിയുവാൻ കഴിഞ്ഞു.

-മെറിൻ മരിയ ദേവസ്സ്യ

**കഥ**

## കാർമേഘം..

മഴ ആർത്തുല്ലസിച്ചു പെയ്യുകയാണ്.ആ പച്ച വിരിച്ച

നെൽപ്പാടത്തിന്റെ നെറുകയിൽ പതിക്കുന്ന ഓരോ മഴത്തുള്ളിയും പ്രകൃതിയുടെ നെഞ്ചിൽ പതിക്കുന്നുണ്ട്.ചാഞ്ചാടി മഴയെ വരവേൽക്കുന്ന നെൽക്കതിരുകൾ എന്തോ മന്ത്രിക്കുന്നുണ്ട് പരസ്പരം.എത്ര മനോഹരമായ കാഴ്ച. അത് എന്റെ മനസ്സിന്റെ പ്രായം



കുറച്ചു. അറിയാതെ എന്റെ ചുണ്ടുകൾ പുഞ്ചിരി തൂകി.ആരും ഒന്നും പറഞ്ഞില്ല, സന്തോഷിക്കാനോ ചിരിപ്പിക്കാനോ ഒന്നും. പിന്നെ എന്തിന് എന്റെ മനസ്സറിയാതെ പുഞ്ചിരിച്ചു,സന്തോഷിച്ചു.

കുറച്ച് നേരം ഞാൻ ആ മഴയെ നോക്കി നിന്നു.പെട്ടന്ന് ഒന്ന് എന്റെ ബാല്യകാലം മനസ്സിലൂടെ കടന്നുപോകുകയായിരുന്നു.അതിലെ എഡിറ്ററും തിരക്കഥാകൃത്തും ഞാൻതന്നെ ആയിരുന്നു. എന്റെ മനസ്സിന് എന്തൊക്കെയോ പറയുവാൻ ഉണ്ട്.എന്താണന്ന് എന്റെ തൂലികയ്ക്ക്

അറിയുകയുമില്ല.അതൊരുപക്ഷേ സത്യമെന്തെന്ന് തിരിച്ചറിഞ്ഞതിന്റെ നൊമ്പരം ആകാം.നമ്മൾകണ്ടതൊന്നുമല്ല ലോകം കാണുന്നതുമല്ല അതിനപ്പുറം എന്തോ ഒന്നുണ്ട്.അതിന്നും അവ്യക്തമാണ്.ശാസ്ത്രം പുരോഗമിച്ചാലും എന്തുമാറ്റം വന്നാലും ആ സത്യം വ്യക്തമാവില്ല. കാരണം മനുഷ്യരെല്ലാം "വിഡ്ഢി" എന്ന ഇംഗ്ലീഷ് വാക്കിന്റെ പുറകെയാണ്.ഇന്നിന്റെ തൂലിക ചലിക്കുമ്പോൾ കണ്ണുകൾ നിറയുന്നുണ്ട്.പത്രങ്ങൾ വായിക്കുമ്പോൾ നെഞ്ചു പിടയുന്നുണ്ട്.

ഇന്ന് പരസ്പരം മനസ്സിലാക്കാതെ എന്തിനോ വേണ്ടി ജീവിക്കുന്ന കുറേ മനുഷ്യരെ എന്റെ കൺമുന്നിൽ ഞാൻ കാണുന്നു. ഒരായുസ്സുമുഴുവൻ ഉണ്ടാക്കിയ പണം വീടിനുവേണ്ടി മുടക്കുന്നു.അവിടെ അവനു കയറിക്കിടക്കാൻ ഒരു വീടല്ല ആവശ്യം.അവന്റെ അപകർഷതാബോധം ആണ് .സ്നേഹം എന്ന വാക്കിന്റെ അർത്ഥം, വ്യാപ്തി അറിയാതെ ദൈവമായി കൊടുത്ത ജീവൻ താനായി എടുക്കുന്ന മനുഷ്യൻ ,അച്ഛനെന്നോ ,മകനെന്നോ ,മകളെന്നോ അറിയാതെ സ്ഥലകാല ബോധം കൈവിട്ട മനുഷ്യൻ. "എന്നാണ് ഒരു നല്ല തലമുറ ഉണ്ടാവുക"?അവനവനോട് തന്നെ ചോദിച്ചു നോക്കു!.ഒരുനിമിഷം നമ്മൾ നിശബ്ദരായി നിന്നുപോകും.അതുണ്ടാകുവാൻ പാടില്ല.നമ്മുടെ പൂർവ്വികർ നമ്മുക്ക് നേടിത്തന്ന ഒരു

പൈതൃകമുണ്ട്.അത് ഏതു നാട്ടിലായാലും എവിടെപ്പോയാലും കൈവെടിയാതിരിക്കുക .അവർ പറഞ്ഞറിഞ്ഞ , അവരിലൂടെ മനസ്സിലാക്കിയ സംസ്കാരം ഉണ്ട്. അതിനെ മുറുകെ പിടിക്കുക.

ഡോ. എ.പി.ജെ അബ്ദുൾ കലാം പറഞ്ഞ വാക്കുകൾപ്പോലെ "Maturity is not when we start speaking big things. It is when we start understanding small things”.ഇതുപോലുള്ള ചെറിയ ചെറിയ കാര്യങ്ങളെ മനസ്സിലാക്കിയാൽ മതി.നാളത്തെ തലമുറയെ നമ്മുക്ക് നേരിന്റെ വഴിയെ




കൊണ്ടുവരാം.അല്ലെങ്കിൽ വിണ്ടികീറി തരിശുഭ്രൂമിയായി മാറിയ ഒരു കൂട്ടം സമൂഹത്തെ നമ്മുക്ക് കാണാം.ഇത് ഒരു പേപ്പറിൽ എഴുതിയ അക്ഷരങ്ങൾ അല്ല , വാക്കുകൾ അല്ല, ആരോ എവിടെനിന്ന് പറഞ്ഞുതന്ന കുറെ നൊമ്പരങ്ങളാണ്.മഴ പെയ്ത്ത് തോർന്നിരിക്കുന്നു.

**-റോസ് മരിയ ലൂക്കോസ്**

**ലേഖനം**

## ഇനി യന്ത്രമനുഷ്യരുടെ യുഗം !

യന്ത്രമനുഷ്യനെ കുറിച്ച് പലപ്പോഴും നാം ചിത്രകഥകളിലും മറ്റ് സാങ്കല്പിക കഥകളിലും ആണ് കേട്ടിട്ടുള്ളത്.എന്നാൽ യന്ത്രമനുഷ്യന്റെ നിർമ്മിതബുദ്ധി ഇന്ന് ഒരു യാഥാർത്ഥ്യമാണ്. ഹ്യൂമനോയ്ഡ് റോബോട്ടുകളെ(Human Robots) പറ്റി കൂട്ടുകാർ കേട്ടിട്ടുണ്ടോ? സംസാരിക്കുവാനും വികാരങ്ങൾ പ്രകടിപ്പിക്കാനും കഴിവുള്ള റോബോട്ടുകൾ ആണ് ഇവ. അത്തരത്തിൽ 2016 ൽ നിർമ്മിച്ച സോഫിയ എന്ന ഹ്യൂമനോയ്ഡ് റോബോട്ടാണ് ലോകത്തിലെ ആദ്യത്തെ റോബോട്ട് സിറ്റിസൺ (Robot Citizen).റോബോട്ട് സിറ്റിസൺ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ഒരു രാജ്യം പൗരത്വം നൽകുന്ന റോബോട്ടിനെയാണ്.2017 ഒക്ടോബർ 25



ൽ സൗദിയിൽ നടന്ന ഭാവിനിക്ഷേപസംരംഭ സമ്മേളനത്തിൽ വച്ച് സൗദി സർക്കാർ സോഫിയക്ക് പൗരത്വം നൽകി.ഹോങ്കോംഗ് ആസ്ഥാനമായുള്ള ഹാൻസൺ റോബോട്ടിക്സാണ് എന്ന കമ്പനിയാണ് സോഫിയ നിർമ്മിച്ചത്.2017 നവംബർ മാസത്തിൽ ഐക്യരാഷ്ട്ര വികസന പദ്ധതിയുടെ ആദ്യത്തെ ഇന്നൊവേഷൻ ചാമ്പ്യനായി സോഫിയ തിരഞ്ഞെടുക്കപ്പെട്ടു, മാത്രമല്ല യുണൈറ്റഡ് നേഷൻ പദവി നൽകുന്ന ആദ്യത്തെ മനുഷ്യേതര വ്യക്തിയാണ് സോഫിയ.സോഫിയയുടെ കണ്ണുകളിൽ കമ്പ്യൂട്ടർ അൽഗോരിതം സംയോജിപ്പിച്ചിട്ടുള്ളതു കൊണ്ടാണ് അവൾക്ക് കാണുവാൻ സാധിക്കുന്നത്. അവൾക്ക് മനുഷ്യരെ തിരിച്ചറിയുവാൻ കഴിയും.നാച്ചുറൽ ലാംഗ്വേജ് സബ്സിസ്റ്റം (Natural language subsystem) ഉപയോഗിച്ചാണ് സോഫിയ സംഭാഷണങ്ങൾ മനസ്സിലാക്കുന്നതും സംഭാഷണം നടത്തുന്നതും.സോഫിയയ്ക്ക് അറുപതിലധികം



മുഖഭാവങ്ങൾ അനുകരിക്കുവാൻ സാധിക്കും.കൃത്രിമബുദ്ധി ഉള്ളതുകൊണ്ടു തന്നെ ചോദ്യങ്ങൾക്ക് മറുപടിയായി ഉത്തരം നൽകുവാൻ സാധിക്കും.കൂടാതെ വിവരവിശകലനത്തിനും മുഖഭാവങ്ങൾ തിരിച്ചറിയാനും ഈ യന്ത്രമനുഷ്യനെകൊണ്ടു സാധിക്കും.ഇതെല്ലാം സംഭവിച്ചതിന്റെ പിന്നിൽ നവസാങ്കേതികവിദ്യക്ക് വന്ന വളർച്ചയാണ് കാരണം. സോഫിയകൂടാതഅസിമോ(ASIMO),പെപ്പർ(Pepper), നൗ(NAO),അറ്റ്ലസ്(Atlas) തുടങ്ങി നിരവധി ഹ്യൂമനോയ്ഡ് റോബോട്ടുകൾ ഉണ്ട്.ഇന്ത്യക്ക് അഭിമാനമായി മാനവ്(MANAV) എന്ന ഹ്യൂമനോയ്ഡ് റോബോട്ട് നിർമ്മിച്ചത് ദിവാകർ വൈഷ്(Diwakar Vaish) എന്ന ഇന്ത്യൻ റോബോട്ടിക് ഗവേഷകനാണ്.2014 ൽ ആണ് ഇന്ത്യയുടെ ആദ്യത്തെ ഹ്യൂമനോയ്ഡ് റോബോട്ട് ആയ മാനവ്(MANAV) നിർമ്മിച്ചത്.ആർട്ടിഫിഷ്യൽ ഇൻറലിജൻസ്(AI) മേഖല ഇനിയും ഒരുപാട് വളരും.ശാസ്ത്രം എന്നും വളർച്ചയുടെ പാതയിൽ ആണല്ലോ.....

– നെവിൻ പ്രമോദ്

## അനുഭവം

# കോവിഡും,എന്റെ സ്കൂൾ ജീവിതവും,അതിജീവനവും

2019 ഡിസംബറിലാണ് കോവിഡ്-19 എന്ന പകർച്ചവ്യാധി ചൈനയിലെ വുഹാനിൽ നിന്നും പൊട്ടിപ്പുറപ്പെടുന്നത്.2020 മാർച്ച് ആയപ്പോഴേക്കും ഇത് ലോകത്തിൻറെഗതിയെ തന്നെ മാറ്റിമറിക്കുവാൻ മാത്രം പടർന്നു പിടിച്ചു കഴിഞ്ഞിരുന്നു.കൊറോണ



എന്ന വൈറസ് ആണ് ഇതിന് ഹേതു.ലോകാരോഗ്യസംഘടനയുടെ നിർദേശ പ്രകാരം അതിഭീകര വ്യാപന ശേഷിയുള്ള മനുഷ്യജീവന് ഹാനീകരമായ ഈ മഹാമാരിയിൽ നിന്നും രക്ഷപെടാനായി രാജ്യങ്ങൾ ഒരു അടച്ചുപൂട്ടിലേക്ക് നീങ്ങി.വയുവിൽ കൂടി പടരുന്ന ഈ വൈറസിനെ തടയുവാനായി മാസ്ക് എല്ലാവർക്കും നിർബന്ധമാക്കി, കൂടെക്കൂടെ കൈ സാനിറ്റൈസ് ചെയ്യുകയോ,സോപ്പ് ഉപയോഗിച്ച് കഴുകുകയോ ചെയ്യുവാൻ നിർദ്ദേശം ലഭിച്ചു.അത്യാവശ്യകാര്യങ്ങൾക്കുമാത്രം

പുറത്തിറങ്ങുവാനെ സാധാരണ പൗരന്മാർക്ക്
അനുമതി
ഉണ്ടായിരുന്നുള്ളൂ.പനി,ചുമ,ശ്വാസതടസ്സം,തൊണ്ട
വേദന തുടങ്ങിയ ലക്ഷണങ്ങൾ കാട്ടിയ ഈ രോഗം
അനേകരുടെ ജീവൻ ഈ ഭൂമുഖത്തുനിന്ന്
തുടച്ചുമാറ്റി.ഇതുവരെയുള്ള കണക്കുകൾ പ്രകാരം
അറുപതിയൊന്ന് ലക്ഷത്തിലധികം ആളുകളുടെ ജീവൻ
നഷ്ടമായി.
2020 മാർച്ചിൽ എട്ടാം ക്ലാസിലെ പരീക്ഷാമധ്യേയാണ്
സ്കൂളുകൾ അടച്ചുപൂട്ടാൻ ഗവൺമെൻറ് നിർദ്ദേശം
വന്നത്.ആദ്യമൊന്ന് തുള്ളി ചാടിയ
മനസ്സ്,യാഥാർത്ഥ്യത്തിലേക്ക്

വന്നപ്പോഴേക്കും,ഓൺലൈൻ ക്ലാസിലെ
വിരസതയിലേക്കാണ് വാതിൽ തുറന്നത്.മുറിയിലെ
തമാശകളും കളികളും ഓർത്ത് എനിക്ക് ഇടയ്ക്കിടെ
സങ്കടവും ദുഃഖവും വന്നു.ഫോണിൽ സംസാരിക്കുന്നത്
അല്ലാതെ ആരെയും നേരിൽ കാണാതെ ഒൻപതാം
ക്ലാസിലെ പരീക്ഷ എത്തി.വീട്ടിലിരുന്ന് എഴുതിതീർത്ത
പരീക്ഷകൾ ശരിയോ തെറ്റോ എന്ന് എനിക്ക്
ഉറപ്പില്ലായിരുന്നു.2021 നവംബർ മാസത്തിൽ
പത്താംക്ലാസ് ആരംഭിച്ചപ്പോൾ മനസ്സ്
തുള്ളിച്ചാടി,കൂട്ടുകാരെല്ലാം കണ്ടു.എന്നാൽ അടുത്ത
ഇരിക്കുവാനോ കളിക്കുവാനോ ഉള്ള അവസ്ഥയിൽ
എത്തിച്ചേർന്നിരുന്നില്ല. സാവധാനത്തിൽ
ഞങ്ങൾക്കിടയിലെ അകലം കുറഞ്ഞു.വാക്സിനേഷൻ
എടുത്ത ശേഷം എല്ലാവരും കളിക്കളിൽ ഏർപ്പെടാനും
പഴയപോലെ ആകുവാൻ തുടങ്ങിയപ്പോഴേക്കും എന്റെ
പത്താംക്ലാസ് പഠനവും അവസാനിച്ചു.കോഡിന്

മതിൽകെട്ടിനുള്ളിൽ അകപ്പെട്ടുപോയ
രണ്ടുവർഷങ്ങളിൽ നിന്നും സാവധാനത്തിൽ
കരകയറികൊണ്ടിരിക്കുമ്പോഴും,മറക്കാതെ
മുഖത്തഅണിയുന്ന മാസ്കും എൻറെ സാനിറ്റൈസറും
സന്തതസഹചാരികളായി കൂടെ നടക്കുന്നു.

–മെറിൻ മരിയ ദേവസ്സ്യ

ലേഖനം

# വ്യാജവാർത്തകളെ നേരിടൽ

വിശ്വാസയോഗ്യമല്ലാത്ത ഉറവിടങ്ങളിൽ നിന്നുള്ളതോ,വസ്തുതാവിരുദ്ധമോ ആയ പരാമർശങ്ങളോ,കെട്ടിച്ചമച്ചതും അസത്യവുമായ വിവരങ്ങളോ വ്യാജവാർത്തകൾ ആണ്.സാങ്കേതികവിദ്യയുടെ കുതിച്ചുചാട്ടത്തിൽ നിൽക്കുമ്പോഴും ലോകം നേരിടുന്ന പ്രധാന വെല്ലുവിളിയാണ് വ്യാജവാർത്തകളെ നേരിടൽ.നമ്മളിൽ പലരും പലപ്പോഴും ഇത്തരം വാർത്തകൾ




കാണുകയും ചിലതിൽ വീണു പോവുകയും ചെയ്യാറുണ്ട് പലതും ഒറ്റനോട്ടത്തിൽ ശരിയാണെന്ന് കരുതുകയും ചെയ്യും.ശരിയാണോ തെറ്റാണോ എന്ന് വ്യക്തമായി മനസ്സിലാക്കാതെ നമ്മൾ കാണുകയും കേൾക്കുകയും ചെയ്യുന്ന വാർത്തകളിൽ മറ്റുള്ളവരിലേക്ക് ഫോർവേഡ് ചെയ്യുവാൻ പാടുള്ളതല്ല.സമൂഹ മാധ്യമങ്ങളുടെ വരവോടെ നമ്മുടെ മുൻവിധികളെ ഊട്ടിയുറപ്പിക്കുന്ന വിധത്തിലുള്ള വ്യാജവാർത്തകൾ നമ്മെ

തേടിയെത്തുന്നു.നമുക്ക് മുൻപിൽ വരുന്ന വാർത്തകളെ നമ്മൾ അധികം ആലോചിക്കാതെ,നമ്മൾ അതിൽ വീണുപോവുകയും,രണ്ടാമതൊന്ന് ചിന്തിക്കാതെതന്നെ അത് മറ്റുള്ളവരിലേക്ക് അയയ്ക്കുകയും ചെയ്യുന്നു നമുക്ക് മുന്നിൽ വരുന്ന വാർത്തകളോട് വികാരപൂർവ്വം പ്രതികരിക്കുന്നതിനുപകരം യുക്തിപൂർവ്വം ചിന്തിക്കുന്നത് നന്നായിരിക്കും.വ്യക്തികളെക്കുറിച്ചോ പ്രസ്ഥാനത്തെക്കുറിച്ചോ,വ്യാജമായ കാര്യങ്ങൾ സമൂഹമാധ്യമങ്ങളിലൂടെ പറയുമ്പോൾ വ്യക്തികൾക്കും പ്രസ്ഥാനത്തിനും ഉണ്ടാകുന്ന മാനസികവും സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ എത്രയാണെന്ന് നമ്മൾ ചിന്തിക്കേണ്ടതാണ്.

വ്യാജവാർത്തകൾ പ്രചരിപ്പിക്കാതിരിക്കാൻ നമ്മൾ ഓരോ വ്യക്തികളും ചിന്തിക്കണം.നമ്മുടെ കൈകളിലെത്തുന്ന വാർത്തകൾ ശരിയാണോ തെറ്റാണോ എന്ന ഉത്തമബോധ്യം ഉണ്ടെങ്കിൽ മാത്രമേ നമ്മൾ ആ വാർത്തകളെ മറ്റുള്ളവരിലേക്ക് എത്തിക്കുവാൻ പാടുള്ളൂ.ഇതുമൂലം വ്യാജവാർത്തകളെ നമുക്ക് വളരെയധികം തടയുവാൻ സാധിക്കും.

– റ്റോബിത്ത് റ്റോമി


हिन्दी

# हिमाचल प्रदेश स्वं भुवा
# हिमाचल प्रदेश बेरोजगारी भत्वा भोजन :-

राज्य सरकार ने बेरोजगारी से निपटने के लिए हिमाचल प्रदेश। सरकार ने तीन करीड़ रूपभ के षजट की घोषणा की। जिन के पास आभ का कोई भी साधन उपलब्ध करासगी। पढ़े लिखे होने के बावजूद भी आजकल बहुत से लोग बेरोजगार होते है कभोकि उन्हे भु नौकरी के ज्मादा अवसर नही मिल पाते है सरकर ने भह सक अच्छी भोजना षनाई है जिससे उनकी आर्थि सहायता की जा सके।

सरकार हारा भुवाओ को व्यवसय मे मदद :-

प्रदेश के विकास के लिए केवल बेरोजगारी भत्ता भोजना काफी नहीं है इसलिए सरकार ने इसके अतिरिकत और भी महलवपूर्ण कदम उठास है जिनमें से मुस्तभ है कि राज्य सरका ने 80 करोड रूपसे का बचट आवविट करने की घोषणा की है। जिसका परिणाम यह होगा कि भुताओ का भवित्य उज्जपन बन् जासगा। और पे देश के विकास भे भी अपना अहम भोगदान।

निष्कर्ष :-

भुवाओ के संबंध में भदि हिमाचल प्रदेश की बात करे ती यहा की साक्षरता दर उचित है। आधीकतर लोग पढे लिखे है। पश्न्तु रोजगर की बात फरे तो हिमाचल प्रदेश काफी पिछड़ा है। वहा

के भुवा दूसरे राज्य की ओर् पलभन कर रहे है। रोजगार की तलाश में। राज्य सरकार को रोजगार के अवसर बढाने का

प्रभास करना चाहिए तभी जाकर को रोजगार के अवसर बढ़ाने का भविष्य उज्ज्वल वन सकेगा।

*"हिमाचल का भुवा पर्वत सा अटल है*
*मदद की तन्मर बफर सा मरवमल है।"*

–श्रेया मधु

# हमारी राष्ट्र भाषा हिंदी

हिंदी भारत की राष्ट्र भाषा है। तो भी हिंदी ही उनमें प्रमुख है। क्यों कि भारत में करीब चालीस प्रतिशत लोगों की हिंदी अपनी मातृभाषा है। दक्षिण भारत में एक या दो प्रांत को छोड़कर बाकी भारत के सभी लोग हिंदी समझ सकते हैं।



तन 1965 जनवरी 26 से हिंदी भारत की राज भाषा है। राष्ट्र भाषा देश की जनता की भाषा है। व्यावहारिक दृष्टि से इन चौदह भाषा लोगों केलिए एक आम भाषा की आवश्यकता है।

राष्ट्रभाषा केलिये अपने कुछ गुण अवश्य होना चाहिये। देश के अधिकार लोग हिंदी समझ सकते है। और व्यवहार करते है। यह भाषा सरल एवं संपत्र है। इस भाषा का एक अच्छा साहित्य है।

–Angel Sabu

# जीवन में वह था एक कुसुम

जीवन में वह था एक कुसुम,
थे उस पर नित्य निछावर तुम,
वह सूख गया तो सूख गया;
मधुवन की छाती को देखो,
सूखीं कितनी इसकी कलियाँ,
मुरझाईं कितनी वल्लरियाँ जो
मुरझाईं फिर कहाँ खिलीं;
पर बोलो सूखे फूलों पर
कब मधुवन शोर मचाता है;
जो बीत गई सो बात गई!

जीवन में मधु का प्याला था,
तुमने तन-मन दे डाला था,
वह टूट गया तो टूट गया;
मदिरालय का आँगन देखो,
कितने प्याले हिल जाते हैं,
गिर मिट्टी में मिल जाते हैं,
जो गिरते हैं कब उठते हैं;
पर बोलो टूटे प्यालों पर

कब मदिरालय पछताता है!
जो बीत गई सो बात गई!

मृदु मिट्टी के हैं बने हुए,
मधुघट फूटा ही करते हैं,
लघु जीवन लेकर आए हैं,
प्याले टूटा ही करते हैं,
फिर भी मदिरालय के अंदर
मधु के घट हैं, मधुप्याले हैं,
जो मादकता के मारे हैं
वे मधु लूटा ही करते हैं;
वह कच्चा पीने वाला है
जिसकी ममता घट-प्यालों पर,
जो सच्चे मधु से जला हुआ
कब रोता है, चिल्लाता है!
जो बीत गई सो बात गई!

-Abel Sabu

# क्या सुख, क्या दुःख

एक खरगोश अपना सामान उठाकर खुशी-खुशी जा रहा था उसे रास्ते में एक हिरन मिला। हिरन ने कहा - क्या बात है खरगोश मियाँ, बड़े खुश नजर आ रहे हो।

मेरी शादी हो गई है। खरगोश बोला। बड़े भाग्यशाली हो भाई, हिरन ने कहा।

शायद नहीं, क्योंकि मेरी शादी एक बहुत ही घमंडी खरगोशनी से कर दी गई है।

उसने मुझसे बड़ा घर, ढेर सारे पैसे और कपड़े माँगे, जो मेरे पास नहीं थे। खरगोश ने उत्तर दिया।

बड़े दुःख की बात है न , हिरन ने धीरे से कहा।

शायद नहीं, क्योंकि मैं उसे बहुत चाहता हूँ। इसीलिए मैं खुश हूँ कि वह मेरे साथ तो है। खरगोश बोला।

वाह, बड़े भाग्यशाली हो भाई, हिरन खुश होकर बोला।

शायद नहीं भैया, क्योंकि शादी के अगले ही दिन मेरे घर में आग लग गई, खरगोश ने कहा।

अरे रे। ......बड़े दुःख की बात है, हिरन बोला।

शायद नहीं, क्योंकि मैं अपना सामान बाहर निकाल लाया और उसे जलने से बचा लिया, खरगोश बोला।

अच्छा बड़े भाग्यशाली हो भाई, हिरन ने लंबी साँस छोड़ते हुए कहा।

नहीं भाई, शायद नहीं, क्योंकि जब आग लगी तो मेरी पत्नी अंदर सो रही थी ।

खरगोश ने उदास स्वर में कहा । ओहो, ये तो बड़े दुःख की बात है, हिरन बोला ।

नहीं, नहीं बिलकुल नहीं, क्योंकि मैं आग में कूद पड़ा और अपनी प्यारी पत्नी को सही-सलामत बाहर निकाल लाया ।

और जानते है सबसे अच्छी बात क्या हुई । इस घटना से उनसे सीख लिया है कि सबसे प्यारी चीज है जिंदगी ।

पैसा, घर और कपड़े हों या न हों लेकिन आपस का प्यार होना बहुत जरूरी है! खरगोश ने मुस्कुराते हुए कहा ।

-Abel Sabu

# एक घुड़सवार

बहुत साल पहले घुड़सवार ने कुछ सैनिकों को देखा जो एक लकड़ी का गट्ठा उठाने की असफल कोशिश कर रहे थे। उस समय उनका नायक भी वहीं खड़ा था।

घुड़सवार ने नायक से पूछा कि वह उनकी मदद क्यों नहीं करता। नायक ने जवाब दिया, मैं इनका नायक हूँ और मेरा काम इनको आदेश देना है।

घुड़सवार अपने घोड़े से उत्तर कर उन सैनिकों का पास गया और उस गट्ठे को उठाने में मदद की।

उसकी मदद से वह गट्ठा उठ गया। घुड़सवार चुपचाप अपने घोड़े पर सवार हो गया और उस नायक से बोला अगली जब तुम्हारे आदमियों को सहायता की जरूरत पड़े तो कमांडर-इन-चीफ को बुलवा लेना।

जब वह घुड़सवार चला गया तो नायक और सिपाहियों को पता चला कि वह घुड़सवार और कोई नहीं **बल्कि जॉर्ज वाशिंगटन** थे।

-Sreya Madhu

# एक बुद्धिमान व्यक्ति

अक्सर चीजे हमें वैसी नहीं दिखती जैसी वे हैं, बल्कि वैसी दिखती हैं जैसे हम हैं ।
यह एक ऐसे बुद्धिमान वयक्ति की कहानी है जो अपने गाँव के बाहर बैठा हुआ था। एक यात्री उधर से गुजरा और उसने उस व्यक्ति से पूछा, इस गाँव में किस तरह के लोग रहते हैं क्योंकि मैं अपना गाँव छोड़ कर किसी और गाँव में बसने की सोच रहा हूँ।

तब उस बुद्धिमान व्यक्ति ने पूछा, तुम जिस गाँव को छोड़ना चाहते हो, उस गाँव में कैसे लोग रहते हैं ?

उस आदमी ने कहा, वे स्वार्थी, निर्दयी और रूखे हैं।

बुद्धिमान व्यक्ति ने जवाब दिया इस गाँव में भी ऐसे ही लोग रहते हैं।

कुछ समय बाद एक दूसरा यात्री वहाँ आया और उसने उस बुद्धिमान व्यक्ति से व्ही सवाल पूछा। बुद्धिमान व्यक्ति ने उससे भी पूछा, तुम जिस गाँव को छोड़ना चाहते हो, उस गाँव में कैसे लोग रहते हैं ?

उस यात्री ने जवाब दिया, वहाँ के लोग विनम्र, दयालु और एक-दूसरे की मदद करने वाले हैं। तब बुद्धिमान व्यक्ति ने कहा, इस गाँव में भी तुम्हें ऐसे ही लोग मिलेंगे।

आम तौर पर हम दुनिया को उस तरह नहीं देखते जैसी वह है बल्कि जैसे हम खुद है वैसी देखते है।

इस कहानी से शिक्षा मिलती है कि -

ज्यादातर मामलों में दूसरे लोगों का व्यवहार हमारे ही व्यवहार का आईना होता है।

अगर हमारी नीयत अच्छी होती है तो हम दूसरों की नीयत भी अच्छी मान लेते हैं। हमारा इरादा बुरा होता है तो हम दूसरों के इरादों को भी बुरा मान लेते हैं।

-Angel Sabu

# सबकी जीत के बारे में सोचें

एक आदमी के मरने के बाद सेंट पीटर ने उससे पूछा कि तुम स्वर्ग में जाना चाहोगे या नर्क में। उस आदमी ने पूछा कि फैसला करने से पहले क्या मैं दोनों जगहें को देख सकता हूँ।

सेंट पीटर पहले उसे नर्क ले गए, वहाँ उसने एक बहुत बड़ा हॉल देखा जिसमें एक बड़ी मेज पर तरह-तरह की खाने की चीजें रखी थी।

उसने पीले और उदास चेहरे वाले लोगों की कतारें भी देखीं। वे बहुत भूखे जान पड़ रहे थे और वहां कोई हंसी-खुशी न थी।

उसने एक और बात पर गौर किया की उनके हाथों में चार फुट लंबे कांटे और छुरियाँ बँधी थी। जिनसे वे मेज के नीचे पर पड़े खाने को खाने की कोशिश कर रहे थे।

मगर वे खा नहीं पा रहे थे।

फिर वह आदमी स्वर्ग देखने गया। वहां भी एक बड़े हॉल में एक बड़ी मेज पर ढेर सारा खाना लगा था। उसने मेज के दोनों तरफ लोगों की लंबी कतारें देखी जिनके हाथों में चार फुट लंबी छुरी और काँटे बंधे हुए थे, ये लोग खाना लेकर मेज की दूसरे तरफ से एक-दूसरे को खिला रहे थे जिसका नतीजा था - खुशहाल, समृद्धि, आनंद और संतुष्टि।

वे लोग सिर्फ अपने बारे में ही नहीं सोच रहे थे बल्कि सबकी जीत के बारे में सोच रहे थे। यही बात हमारे जीवन पर भी लागू होती है।

**इस कहानी से शिक्षा मिलती है कि -**

जब हम अपने ग्राहकों, अपने परिवार, अपने मालिक, अपने कर्मचारियों की सेवा करते हैंto हमें जीत खुद-ब-खुद मिल जाती है।

-Angel Sabu

# കൃതജ്ഞത

പ്രിയമുള്ളവരെ,

ലിറ്റിൽ കൈറ്റ്സ് ഐ.റ്റി ക്ലബ്ബ് പ്രവർത്തനങ്ങളുടെ ഭാഗമായിട്ടുള്ള ഡിജിറ്റൽ മാഗസിൻ തയ്യാറാക്കണമെന്ന് ഞങ്ങളുടെ അധ്യാപകരായ ശ്രീമതി കുഞ്ഞുമോൾ സെബാസ്റ്റ്യൻ ( കൈറ്റ് മിസ്റ്റ്ട്രസ്) ശ്രീ ജോഷി റ്റി സി ( കൈറ്റ് മാസ്റ്റർ) എന്നിവർ നിർദ്ദേശിച്ചു. ക്ലബ്ബ് അംഗങ്ങൾ എല്ലാവരും ഒന്നിച്ചു കൂടി ഡിജിറ്റൽ മാഗസിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചു. ക്ലബ്ബിലെ എല്ലാ അംഗങ്ങൾക്കും മാഗസിന്റെ ചുമതല വീതിച്ചു നൽകി. ഇതിൽ സഹകരിച്ച സ്കൂളിലെ എല്ലാ കുട്ടികളോടുമുള്ള നന്ദി അറിയിക്കുന്നു. പ്രത്യേകിച്ച് ഇതിന്റെ നിർമാണത്തിന്റെ ഓരോ ഘട്ടത്തിലും ആവശ്യമായ സഹായവും നിർദ്ദേശങ്ങളും നൽകിയ കുഞ്ഞുമോൾ ടീച്ചറോടും ജോഷി സാറോടുമുള്ള സ്നേഹവും കടപ്പാടും ഈ അവസരത്തിൽ അറിയിക്കുന്നു.ഞങ്ങളുടെ ഈ ഉദ്യമത്തിൽ സഹകരിച്ചു എല്ലാവർക്കും ഒരിക്കൽ കൂടി ഞങ്ങളുടെ ഹൃദയം നിറഞ്ഞ കൃതജ്ഞത അറിയിച്ചു കൊണ്ട് e-mag ഇവിടെ പൂർണമാകുന്നു.

-നെവിൻ പ്രമോദ്,
ചീഫ് എഡിറ്റർ

St.Ephrems Higher secondary school,Mannanam



# e-Mag
2022-23

Email:stephremsmannanam@gmail.com
Web:stephremsshss.org
Phone:2597719